

# ഡയറ്റ്ലാബ് യു.പി.സ്കൂൾ,
# തൊടുപുഴ

## അക്കാദമിക് മാസ്റ്റർ പ്ലാൻ
## 2025–26



# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025 -26

## ഉള്ളടക്കം


1. സ്കൂൾ അടിസ്ഥാന വിവരങ്ങൾ
2. ആമുഖം
3. ലക്ഷ്യങ്ങൾ
4. വിദ്യാലയ ചരിത്രം
5. കൈത്താങ്ങായവർ
6. ഇനിയുമുണ്ട് സ്വപ്നങ്ങൾ
7. ഡയറ്റ് ലാബ് യു.പി. മികവിന്റെ കേന്ദ്രം
8. സ്കൂൾ വികസന പദ്ധതി രൂപീകരണം
9. അവസ്ഥാവിശകലനം
10. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ
11. പദ്ധതി വിശദാംശങ്ങൾ

    (മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം)
12. പ്രതീക്ഷിത നേട്ടങ്ങൾ
13. മോണിട്ടറിംഗ്
14. ഉപസംഹാരം


**അനുബന്ധം**


1. കുട്ടികളുടെ എണ്ണം - മുൻ വർഷങ്ങളിൽ
2. അധ്യാപകരുടെ എണ്ണം - അധ്യാപകർ
3. മികവുകൾ നേട്ടങ്ങൾ
4. വിദ്യാലയത്തിന്റെ സ്കെച്ച്, സൈറ്റ്പ്ലാൻ, ജൈവ വൈവിധ്യ പാർക്ക് രൂപരേഖ

## സ്കൂൾ അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| 1. വിദ്യാലയത്തിന്റെ പേര് | : | ഡയറ്റ് ലാബ് യു.പി.സ്കൂൾ, തൊടുപുഴ, തൊടുപുഴ പി.ഒ., ഇടുക്കി പിൻ: 685584 |
| ഫോൺ | : | 04862 226990 |
| 2. സ്കൂൾ കോഡ് | : | 29367 |
| 3. വിദ്യാഭ്യാസ ഉപജില്ല | : | തൊടുപുഴ |
| 4. വിദ്യാഭ്യാസ ജില്ല | : | തൊടുപുഴ |
| 5. റവന്യൂജില്ല | : | ഇടുക്കി |
| 6. ബി.ആർ.സി. | : | തൊടുപുഴ |
| 7. സി.ആർ.സി. | : | തൊടുപുഴ |
| 8. മുനിസിപ്പാലിറ്റി | : | തൊടുപുഴ |
| 9. ബ്ലോക്ക് പഞ്ചായത്ത് | : | തൊടുപുഴ |
| 10. നിയമസഭാ മണ്ഡലം | : | തൊടുപുഴ |
| 11. ലോകസഭാ മണ്ഡലം | : | ഇടുക്കി |
| 12. താലൂക്ക് | : | തൊടുപുഴ |
| 13. വില്ലേജ് | : | തൊടുപുഴ |
| 14. ഇ.മെയിൽ | : | dietidukki@gmail.com. dlups29367@gamil.com |
| 15. വെബ്സൈറ്റ് | : | www.dietidukki.org |
| 16. സ്കൂൾ വിക്കി | : | idukki(Revenue District)Thodupuzha (dist) Diet lab upsThjodupuzha |

# ആമുഖം

സാമൂഹിക വികസന പ്രക്രിയയുടെ അടിസ്ഥാന ഘടകങ്ങളിലൊന്നാണ് വിദ്യാഭ്യാസം സുസ്ഥിര വികസനത്തിൽ അധിഷ്ഠിതമായ ഒരു ജനാധിപത്യ സമൂഹ ത്തിന്റെ സൃഷ്ടിക്ക് അനുയോജ്യമായ അറിവും മനോഭാവവും നൈപുണികവും മൂല്യങ്ങളും ആർജിക്കുവാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണ് വിദ്യാഭ്യാസ ത്തിലൂടെ ചെയ്യുന്നത്. മെച്ചപ്പെട്ട സാമൂഹ്യ ജീവിതത്തിന് വേണ്ടി വ്യക്തിയെ തയ്യാറാക്കുക എന്നതാണ് വിദ്യാഭ്യാസ ത്തിന്റെ ലക്ഷ്യം.

നമ്മുടെ കുട്ടികൾ തന്നിലും കുടുംബത്തിലും മാത്രം ഒതുങ്ങി ചിന്തിക്കാതെ മറ്റുള്ളവരുടെ ഉയർച്ചക്ക് വേണ്ടിയും സാമൂഹ്യ മൂല്യങ്ങളും സംഘബോധവും ഊട്ടി ഉറപ്പിക്കുന്ന കേരളത്തിന്റെ സാംസ്കാരിക പാരമ്പര്യവും തനിമയും ഉൾക്കൊള്ളുന്ന വരാകണം. പൊതുവിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തണമെന്ന സംസ്ഥാന സർക്കാരിന്റെ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് നമ്മുടെ വികസന കാഴ്ചപ്പാടും പരിഷ്ക്കരി ക്കേണ്ടിയിരിക്കുന്നു.

തൊടുപുഴ താലൂക്കിൽ തൊടുപുഴ മുനിസിപ്പാലിറ്റിയിലെ ആദ്യ വിദ്യാലയമാണ് ഡയറ്റ് ലാബ് യു.പി. സ്കൂൾ കൊല്ലവർഷം 1002-ൽ സ്ഥാപിതമായ ഈ വിദ്യാലയം നാടിനു നൽകിയിരിക്കുന്ന സംഭാവനകൾ പ്രത്യേകം സ്മരിക്കേണ്ടതാണ്. സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കുത്തൊഴുക്കിൽ തിരിച്ചടികൾ ഉണ്ടായിട്ടു ണ്ടെങ്കിലും ഇന്ന് തിരിച്ചുവരവിന്റെയും വീണ്ടെടു ക്കലിന്റെയും പാതയിലാണ് ഈ വിദ്യാലയം. ഈ സരസ്വതീക്ഷേത്രത്തെ മികവിന്റെ കേന്ദ്രമാക്കി ഒരു സന്ദർശക വിദ്യാലയമായി ജില്ലയുടെ ശ്രദ്ധാകേന്ദ്രമാക്കി മാറ്റിയെടുക്കുവാൻ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ നമുക്ക് കഴിയണം ഇതിനായി എല്ലാവരും ഒത്തൊരുമിച്ച് പ്രവർത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## ലക്ഷ്യങ്ങൾ

2016 -ൽ ആരംഭിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി രൂപീകരിച്ച ആക്ഷൻ പ്ലാൻ അനുസരിച്ച് ലക്ഷ്യങ്ങൾ നേടാനുള്ള പ്രവർത്തനങ്ങളാണ് സംഘടിപ്പിച്ചിരിക്കുന്നത് . ഇതിനകം ഒട്ടേറെ കാര്യങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട് മുനിസിപ്പാലിറ്റിയും എസ്.എസ്.എ യും പൂർവ്വവിദ്യാർത്ഥികളും, നാട്ടുകാരും, പൂർവ്വ അദ്ധ്യാപകരും, രക്ഷിതാക്കളും ഈ സംരംഭത്തിന് നിർല്ലോഭം സംഭാവനകൾ നൽകിയിട്ടുണ്ട്.

- പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന, കുട്ടി ആർജ്ജിക്കേണ്ട ശേഷികളും, അന്താരാഷ്ട്ര നിലവാരത്തിലുള്ള ധാരണകളും നൈപുണികളും ഓരോ ക്ലാസ്സിലേയും കുട്ടികൾ നേടി എന്നുറപ്പാക്കുക.
- വിഷയങ്ങളിൽ ഊന്നിയുള്ള പഠനത്തിനപ്പുറം സർഗ്ഗപരമായ കഴിവുകൾ വികസിപ്പിച്ച് സമഗ്രവികസനം ഉറപ്പാക്കുക.
- അന്താരാഷ്ട്ര പഠന നിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ വിദ്യാലയത്തിൽ എത്തിക്കുക.
- നാലാം തരത്തിലെത്തുന്ന കുട്ടിക്ക് മാതൃഭാഷ നന്നായി കൈകാര്യം ചെയ്യുന്നതിനും അതോടൊപ്പം ഇംഗ്ലീഷിലും സങ്കോചം കൂടാതെ ആശയവിനിമയം നടത്തുന്നതിനുമുള്ള ശേഷി കൈവരിക്കുക.
- ശാസ്ത്രം, ഗണിതം, സാമൂഹ്യശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ അതാതു ക്ലാസ്സിനനുസരിച്ച് ആശയദൃഢതയും അഭിരുചിയും ഉണ്ടാക്കിയെടുക്കുക.
- വിവര വിനിമയ സാങ്കേതിക വിദ്യയിലെ അടിസ്ഥാന ധാരണകൾക്കൊപ്പം അവയുടെ ഫലപ്രദമായ ഉപയോഗവും കുട്ടികൾ സ്വാംശീകരിച്ചു എന്നുറപ്പുവരുത്തുക.
- ജൈവ കൃഷിയിലുടെ കുട്ടികളിൽ കാർഷിക സംസ്കാരം വളർത്തിയെടുക്കുക. മാലിന്യ നിർമ്മാർജ്ജനം ഒരു സംസ്ക്കാരമായി രൂപപ്പെടുത്തി യെടുക്കുക.
- പ്ലാസ്റ്റിക്മുക്ത-കീടനാശിനിമുക്ത- ലഹരി മുക്ത വിദ്യാലയം സൃഷ്ടിക്കുക.
- പ്രകൃതി തന്നെ പാഠപുസ്തകം എന്ന ആശയത്തെ വികസിപ്പിച്ച് ഒരു മാതൃക, ജൈവവൈവിധ്യ ഉദ്യാനം വികസിപ്പിച്ചെടുക്കുക.

# വിദ്യാലയ ചരിത്രം

കൊല്ലവർഷം 1002-ൽ പൂഞ്ഞാർ രാജയുടെ കീഴിലുള്ള 19 പ്രാദേശിക ഭരണാധികാരികളിൽ 9 എണ്ണം ചേർത്തുള്ള വടക്കുംകൂർ രാജ്യത്തിൽപെട്ട കാരിക്കോട് സ്വരൂപത്തിന്റെ പരിധിയിൽ ആദ്യമായി തുടങ്ങുന്ന സ്കൂളാണിത്. മുട്ടം മുതൽ വാഴക്കുളം വരെയും ഞറുക്കുറ്റി മുതൽ കരിങ്കുന്നം വരെയുള്ള പ്രദേശത്തെ ജനങ്ങൾക്കുവേണ്ടിയുള്ളതായിരുന്നു ഈ സ്കൂൾ. കാരിക്കോട് സ്വരൂപത്തിലെ പ്രധാന പടയാളികളിൽ ഒരാളായിരുന്ന പി. മുഹമ്മദ്, തൊടുപുഴയിലെ ആദ്യത്തെ പഞ്ചായത്ത് പ്രസിഡന്റ് പി.പി. ഖാദർ പിള്ളയുടെ മുത്തച്ഛൻ ഡോ. അറുമുഖം പിള്ളയുടെ അച്ഛൻ, തുടങ്ങിയ മഹാമനസ്കരായ നല്ലയാളുകളുടെ ദാനം കൊണ്ട് ഈ സ്കൂളിന് മൂന്നര ഏക്കർ സ്ഥലം ലഭിച്ചു.

ഇംഗ്ലീഷുകാർ വിദ്യാഭ്യാസ മേഖല രൂപീകരിച്ച അവസരത്തിൽ 1914-ൽ ഈ സ്കൂളിനെ തിരുവല്ല വിദ്യാഭ്യാസ ജില്ല ഇംഗ്ലീഷ് മീഡിയം യു.പി.സ്കൂളായി ഉയർത്തി. 1980-ൽ ഈ സ്കൂളിൽ ടി.ടി.ഐ. ആരംഭിച്ചു. 1985-ലെ ഉത്തരവിലൂടെ സ്കൂൾ ടി.ടി.ഐ. യുടെ ഭാഗമായി. 1990-ൽ ഡയറ്റ് രൂപീകരിച്ചു. ഡയറ്റിന്റെ കീഴിൽ ഈ വിദ്യാലയം ഡയറ്റ് ലാബ് സ്കൂൾ ആയി മാറി.

സമീപ പ്രദേശങ്ങളിൽ കൂടുതൽ വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെടുകയും സി.ബി.എസ്.ഇ. വിദ്യാലയങ്ങൾ വ്യാപകമാവുകയും ചെയ്തതോടെ വിദ്യാലയം കുട്ടികൾ കുറഞ്ഞ വിദ്യാലയങ്ങളുടെ പട്ടികയിൽ ഇടം തേടി. ഭൗതിക സാഹചര്യങ്ങളിലും അക്കാദമിക രംഗത്തും കാലാനുസൃതമായ മാറ്റങ്ങൾ കൈവരിക്കാൻ കഴിയാതിരുന്നതും വിദ്യാലയത്തെ പിന്നോട്ട് നടത്തി.

പ്രൈമറി വിദ്യാലയങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തതോടെ സർക്കാർ വിദ്യാലയങ്ങളുടെ മുഖച്ഛായ മാറാൻ തുടങ്ങി. ഈ അനുകൂല സാഹചര്യങ്ങൾ പ്രയോജനപ്പെടുത്തി വികസനത്തിന്റെ പാതയിലാണ് ഡയറ്റ്ലാബ് യു.പി.സ്കൂൾ.

2014-15-ൽ നാല് ക്ലാസ്സുകൾ ഉൾപ്പെടുന്നു. ഒരു കെട്ടിടം എസ്.എസ്.എ. യുടെ മേജർ റിപ്പയർ പദ്ധതിയിൽ ഉൾപ്പെടുത്തി ആകർഷകമാക്കി. 2012-13 -ൽ മുൻസിപ്പാലിറ്റി ഫണ്ട് ഉപയോഗിച്ച് അടുക്കള വിപുലപ്പെടുത്തി. 2015-16 -ൽ 5 ക്ലാസ്സ് മുറികൾ ഉള്ള കെട്ടിടം മുനിസിപ്പാലിറ്റി ചോർച്ച മാറ്റി ഓട് പൊളിച്ച് പുതുക്കി. 2016-17 -ൽ മുൻസിപ്പാലിറ്റി ഫണ്ട്

ഉപയോഗിച്ച് ക്ലാസ്സ്മുറികൾ റ്റൈൽ ഇടുകയും മുറ്റം റ്റൈൽ പാകി പൂർത്തിയാക്കുകയും ചെയ്തു. തൊടുപുഴ മാർക്കറ്റ് യൂത്ത് ഒന്നാം ക്ലാസ് ഒന്നാംതരം പദ്ധതിയുടെ പൂർത്തീകരണം നടത്തി ഒന്നാംക്ലാസ് ഹൈടെക് ആക്കി. കിഡ്സ്പാർക്ക് നവീകരണത്തിന്റെ ഭാഗമായി തൊടുപുഴ ലയൺസ്ക്ലബ് ഉപകരണങ്ങൾ സ്ഥാപിച്ച് മനോഹരമാക്കി. സ്കൂളിന് രണ്ട് കമ്പ്യൂട്ടർ നൽകി കോട്ടയം വെള്ളാപ്പള്ളി ബ്രദേഴ്സ് വിവര സാങ്കേതിക വിദ്യ കുട്ടികളിൽ എത്തിക്കാൻ പിന്തുണ നൽകി. ജോസ്കോ ജൂവല്ലേഴ്സ് പൂന്തോട്ട നിർമ്മാണത്തിന് വേണ്ട പദ്ധതികൾ ഒരുക്കി. ജൈവവൈവിധ്യ ഉദ്യാന വികസനത്തിനായി എസ്.എസ്.എ. നൽകിയ പണമുപയോഗിച്ച് പാർക്ക് നിർമ്മാണം ആരംഭിച്ചു.

# ഡയറ്റ് ലാബ് യു.പി. സ്കൂൾ മികവിന്റെ കേന്ദ്രം

## കാഴ്ചപ്പാട്

- പൂർണ്ണമായും വിദ്യാർത്ഥികേന്ദ്രമായ പഠനപ്രക്രിയ പിന്തുടരുന്നു.
- ഓരോ ക്ലാസ്സിലും ആർജ്ജിക്കേണ്ട പഠനനിലവാരം ഉറപ്പാക്കുക.
- പഠന നിലവാരത്തിലെത്താത്തവർക്കായി പ്രത്യേക പദ്ധതികൾ സമയ ബന്ധിതമായി നടപ്പിലാക്കുക.
- മലയാളത്തോടൊപ്പം ഇംഗ്ലീഷിലും ഹിന്ദിയിലും ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്ന പഠിതാക്കൾ.
- ശാസ്ത്രപഠനത്തിന്റെ രീതി സ്വായത്തമാക്കിയ വിദ്യാർത്ഥികൾ.
- ധാരാളം ചോദ്യം ചോദിക്കുന്നവർ,
- ഉത്തരം നിരീക്ഷിച്ചും പരീക്ഷിച്ചും പുസ്തകങ്ങളും ഇന്റർനെറ്റും പരിശോധിച്ചും കണ്ടെത്തുന്നവർ.
- ജനാധിപത്യത്തിന്റെ രീതികളും മാനവികതയും, വിവേചന ബുദ്ധിയും ജീവിതത്തിന്റെ ഭാഗമാക്കി മാറ്റുന്ന നമ്മുടെ കുട്ടികൾ.
- കാർഷിക സംസ്കാരത്തെ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റുന്ന കുട്ടികൾ.
- പ്ലാസ്റ്റിക്, കീടനാശിനി, ലഹരിമുക്ത വിദ്യാലയത്തെ പരിപാലിക്കുന്നവർ.
- പരിസ്ഥിതി സംരക്ഷണം, ഊർജ്ജ സംരക്ഷണം പ്രവർത്തനങ്ങളിൽ പങ്കെടുത്ത് നാടിനെ ആവിധത്തിൽ മാറ്റിയെടുക്കുന്ന കുട്ടികൾ.
- ചിട്ടയായ ആസൂത്രണം നടപ്പിലാക്കുന്നതിന് ഉതകുന്ന വിധത്തിൽ സാമ്പത്തിക സ്രോതസ്സുകൾ ഉള്ള വിദ്യാലയം.
- എല്ലാശേഷികളും വികസിപ്പിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉള്ള വിദ്യാലയം.
- കലാകായിക പ്രവർത്തി പരിചയ പരിശീലനങ്ങൾ ആസൂത്രണം നടത്തുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഉള്ള വിദ്യാലയം.
- "കാമ്പസ് - പാഠപുസ്തകം" ഈ ആശയം പൂർണ്ണമായി നടപ്പിലാക്കുന്ന വിദ്യാലയം.
- സഹകരണമനോഭാവത്തോടെ അർപ്പണമനോഭാവത്തോടെ പ്രവർത്തിക്കുന്ന രക്ഷിതാക്കൾ.
- ഈ പ്രദേശത്തെ ജനങ്ങൾ മുഴുവൻ പിന്തുണയും സഹായവും നൽകുന്ന വിദ്യാലയം.
- ഈ പ്രദേശത്തെ പൂർവ്വ വിദ്യാർത്ഥികൾക്കും നല്ലവരായ പ്രദേശ വാസികൾക്കും എല്ലാവിധ സൗകര്യങ്ങളും ചെയ്തുകൊടുക്കുന്ന വിദ്യാലയം.
- ഈ സ്വപ്നങ്ങൾ യാഥാർത്ഥ്യമാകണമെങ്കിൽ അധ്യാപകരും, അധ്യാപക രക്ഷാകർത്തൃ സമിതിയും, പൂർവ്വ വിദ്യാർത്ഥി സംഘടനയും, നഗരസഭയും, എസ്.എസ്.എ.യും പൊതു വിദ്യാഭ്യാസ വകുപ്പും സന്നദ്ധത സംഘടനകളും ഒത്തുപ്രവർത്തിക്കണം. അങ്ങനെ ഈ വിദ്യാലയം ഒരു മാതൃകാ വിദ്യാലയമായി മാറുമെന്നതിൽ സംശയമില്ല. അതിനാൽ നമുക്ക് ഒത്തൊരുമിച്ച് പരിശ്രമിക്കാം. നാടിന്റെ നന്മയ്ക്കായി നമുക്ക് കൈ കോർക്കാം.

# സ്കൂൾ വികസന പദ്ധതി രൂപീകരണം

## ഈ പദ്ധതി രൂപപ്പെട്ടതെങ്ങനെ?

2014-15 -ൽ തന്നെ സ്കൂൾ വികസന പദ്ധതിക്ക് രൂപം നൽകുന്നതിന് തുടക്കം കുറിച്ചിരുന്നു. സ്കൂൾ പി.ടി.എ. എം.പി.ടി.എ. സംയുക്ത യോഗം ചേർന്ന് വികസന പദ്ധതി അവലോകനം നടത്തി നേട്ടകോട്ടങ്ങൾ വിലയിരുത്തി. വികസന ലക്ഷ്യങ്ങൾ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച് പുതുക്കാൻ തീരുമാനിച്ചു. അക്കാദമിക രംഗത്ത് ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് ചർച്ച ചെയ്ത് വിവിധ നിർദ്ദേശങ്ങൾ രൂപീകരിച്ചു. ഭൗതിക സാഹചര്യങ്ങൾ, സാമൂഹിക ഘടകങ്ങൾ എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ പി.ടി.എ. ഭാരവാഹികൾ ചർച്ച ചെയ്ത് കരടു നിർദ്ദേശങ്ങൾ രൂപപ്പെടുത്തി. ഇതിന്റെ അടിസ്ഥാനത്തിൽ മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ ക്രോഡീകരിച്ച് എസ്.എം.സി. യോഗത്തിൽ അവതരിപ്പിച്ചു. പദ്ധതി വിശദാംശങ്ങൾ നിശ്ചിത ഫോർമാറ്റിൽ എഴുതി തയ്യാറാക്കി വികസനസമിതിയിലും പൂർവ്വ വിദ്യാർത്ഥിയോഗത്തിലും അവതരിപ്പിച്ചു. അവിടെ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ കൂടി ചേർത്ത് സ്കൂൾ വികസന പദ്ധതിക്ക് അന്തിമ രൂപം നൽകി.

2017-ൽ സ്കൂൾ വികസന സമിതി യോഗം ചേർന്ന് നടപ്പിലാക്കേണ്ട കാര്യങ്ങൾ തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഒന്നാംക്ലാസ് ഒന്നാംതരം പദ്ധതി മർച്ചന്റ്സ് യൂത്ത് വിംഗ് ഏറ്റെടുക്കുകയും സ്മാർട്ട് ക്ലാസ്റൂം നിർമ്മിക്കുകയും ചെയ്തു. അതോടൊപ്പം തന്നെ ഏറ്റെടുത്ത പ്രവർത്തനങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

## അവസ്ഥാവിശകലനം

കഴിഞ്ഞ കാല പ്രവർത്തനങ്ങൾ കൊണ്ട് ഒരു സാധാരണ സർക്കാർ അപ്പർ പ്രൈമറി സ്കൂൾ എന്ന നിലയിൽ നിന്നും ഒരു ശ്രദ്ധേയമായ വിദ്യാലയമായി മാറ്റിയെടുക്കാൻ പി.റ്റി.എ.യ്ക്ക് കഴിഞ്ഞിട്ടുണ്ട്. 2017-18 അധ്യായന വർഷത്തെ സബ്ജില്ലയിലെ ഏറ്റവും മികച്ച യുപിസ്കൂളിനുള്ള പി.റ്റി.എ. അവാർഡ്, തൊടുപുഴ എന്നല്ല കേരളത്തിനു തന്നെ മാതൃകയാകുന്ന ചാരിറ്റി പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുകയും, വിവിധ തലങ്ങളിലുള്ള ജനങ്ങൾക്ക് സഹായങ്ങൾ ചെയ്ത്കൊണ്ടിരിക്കുന്ന 'തനിമ' ചാരിറ്റി ഫൗണ്ടേഷന്റെ ഏറ്റവും നല്ല യു.പി. സ്കൂളിനുള്ള പുരസ്കാരവും ഈ സ്കൂളിന് ലഭിക്കുകയുണ്ടായി. വിവിധ ഘട്ടങ്ങളെ സമന്വയിപ്പിച്ച് ഒരു കുതിച്ചു ചാട്ടത്തിന് തുടക്കം കുറിക്കാൻ കഴിഞ്ഞു.

## ഭൗതികം

നൂറ്റിതൊണ്ണൂറിലധികം വർഷം പഴക്കമുള്ള സ്കൂളിൽ പ്രധാന രണ്ടുകെട്ടിടങ്ങളാണ് ഉള്ളത്. ഇതിൽ ഒരു കെട്ടിടം എസ്.എസ്.എ. ഫണ്ടുപയോഗിച്ച് മേജർ റിപ്പയറിംഗിലൂടെ നനയാത്ത അവസ്ഥയിൽ എത്തിച്ചിട്ടുണ്ട്. ഇതിൽ പ്രവർത്തിക്കുന്ന ക്ലാസ് മുറികൾ സ്ക്രീൻ ഉപയോഗിച്ച് വേർതിരിച്ചിരിക്കുകയാണ്. ആയത് ഭിത്തികെട്ടി വേർതിരിച്ച് ക്ലാസ് റൂം ആക്കിത്തീർക്കേണ്ടതാണ്. നിലവിൽ പൊതുയോഗങ്ങൾ നടക്കുന്നത് ഈ കെട്ടിടത്തിലാണ്. താഴത്തെ ഹാൾ രണ്ടുനില കെട്ടിടം ആക്കി മാറ്റുന്നതോടുകൂടി യോഗങ്ങളും പൊതുയോഗങ്ങളും അവിടെ നടത്താൻ കഴിയും. പ്രധാന കെട്ടിടത്തിൽ എൽ ആകൃതിയിലുള്ള കെട്ടിടത്തിൽ നിലവിൽ 5 മുറികളുണ്ട്. ഇതിൽ ഓഫീസ് റൂം, ലൈബ്രറി, ലാബ് രണ്ട് ക്ലാസ് റൂമുകൾ എന്നിവ പ്രവർത്തിക്കുന്നു. ഇതിന്റെ മുകളിൽ ഒരു നിലകൂടി പണിതാൽ അഞ്ച് ക്ലാസ് റൂമുകൾ കൂടി ലഭിക്കുന്നതാണ്. ഇങ്ങനെ നിർമ്മാണം നടത്തുന്നതിലൂടെ ആവശ്യത്തിന് ക്ലാസ് മുറികൾ ലഭിക്കുന്നതാണ്.

സ്കൂളിന്റെ താഴത്തുഭാഗത്ത് സ്ഥിതിചെയ്യുന്ന ഹാൾ പുതുക്കി പണിത് മുകളിൽ ഒരു നില കൂടി പണിതാൽ ഇതിനെ സംരക്ഷിക്കാൻ സാധിക്കും. ഇത് ഒരു വലിയ ഹാൾ ആണ്. തൊടുപുഴ പട്ടണത്തിൽ ഇതിന്റെ ഉപയോഗം പൊതുജനങ്ങൾക്കും കൂടി ലഭിക്കും. അതോടൊപ്പം മുകളിൽ പണിയുന്ന നിലയിൽ വിശലമായ ലൈബ്രറി ലാബ് സൗകര്യങ്ങൾ ഒരുക്കുന്നതിന് സാധിക്കും. ഓഡിറ്റോറിയത്തിന്റെ ഒരു വശം ഇൻഡോർ സ്റ്റേഡിയമായി ഉപയോഗിക്കാൻ സാധിക്കും.

നിലവിലെ ഊട്ടുപുരയ്ക്ക് പരമിതികൾ പലതും ഉണ്ട്. നാല് വർഷം മുമ്പ് മുനിസിപ്പൽ ഫണ്ട് ഉപയോഗിച്ച് അടുക്കള ഭാഗം നവീകരിച്ചിട്ടുണ്ട്. മെസ് ഹാൾ, അടുപ്പ്. സ്റ്റോർ റൂം എന്നിവ നവീകരിക്കേണ്ടിയിരിക്കുന്നു. ഇതിന്റെ മുകൾ ഭാഗത്ത് ഒരു നില കൂടി പണിതാൽ പ്രവർത്തിപരിചയത്തിനുള്ള ഹാൾ നിർമ്മിക്കാൻ സാധിക്കും. ഈ വർക്ക്ഷോപ്പിനെ പലഭാഗങ്ങളായി തിരിച്ച് വിവിധ പരിശീലനത്തിനുള്ള മുറികൾ നിർമ്മിക്കാൻ സാധിക്കും.

ഇങ്ങനെ നിലവിലുള്ള കെട്ടിടങ്ങളിൽ തന്നെ ആവശ്യമായ മാറ്റങ്ങൾ വരുത്തിയാൽ സ്ഥലപരമിതിയിൽ നിന്നുകൊണ്ട് എല്ലാവിധ സൗകര്യങ്ങളും ഒരുക്കുന്നതിന് സാധിക്കും.

## ലൈബ്രറി

ആയിരത്തിലധികം പുസ്തകങ്ങൾ ലൈബ്രറിയിലുണ്ട്. പരിമിതമായ സ്ഥലത്താണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ആവശ്യത്തിന് അലമാരകളോ മറ്റ് ഉപകരണങ്ങളോ ഇതിൽ ഇല്ല. കുട്ടികൾക്ക് ഇരുന്ന് വായിക്കുന്നതിനുള്ള സ്ഥലസൗകര്യവും ഉപകരണങ്ങളും കുറവാണ്. ഒരു ലൈബ്രറി കം റീഡിംഗ് റൂം ക്രമീകരിക്കേണ്ടത് ഏറ്റവും പ്രധാന കാര്യമാണ്. സ്വയം പഠനത്തിലൂന്നിയ വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് ഇത് അത്യന്താപേക്ഷിതമാണ്. താഴത്തെ ഹാളിന്റെ മുകളിൽ ഒരു നില കൂടി പണിയുന്നതോടെ അതിവിശാലമായ ഒരു ലൈബ്രറി ഹാൾ അവിടെ ഒരുക്കുന്നതിന് സാധിക്കും. ഇതിനോടൊപ്പം ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ഡിജിറ്റൽ ലൈബ്രറിയും ഒരുക്കാം.

## ലബോറട്ടറി

സ്കൂളിൽ നിലവിൽ വളരെ പരിമിതമായ ലാബ് സൗകര്യങ്ങളാണുള്ളത്. സ്ഥലപരിമിതിയാണ് പ്രധാന വെല്ലുവിളി. ആവശ്യമായ സ്ഥല-ഫർണീച്ചർ സൗകര്യങ്ങളുണ്ടെങ്കിൽ ലാബിനെ മാതൃക ശാസ്ത്ര ലാബായി മാറ്റിയെടുക്കാം. താഴത്തെ ഹാളിന്റെ മുകളിൽ പണിയുന്ന സ്ഥലത്ത് ഒരു മാതൃക ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര പ്രവർത്തിപരിചയ ലാബുകൾ നിർമ്മിക്കുന്നതിന് സാധിക്കും. ഓരോ കുട്ടിക്കും പരീക്ഷണത്തിൽ ഏർപ്പെടുന്നതിനുള്ള സൗകര്യം ഒരുക്കണം. ജില്ലയിലെ പരിശീലന കേന്ദ്രമായ ഡയറ്റിൽ എത്തുന്ന അധ്യാപകർക്കും ഇത് പ്രയോജനപ്പെടുത്താൻ സാധിക്കും.

## കമ്പ്യൂട്ടർ ലാബ്

സ്കൂളിന് ഒരു കമ്പ്യൂട്ടർ ലാബിന്റെ അഭാവം ഉണ്ട്. പ്രവർത്തനയോഗ്യമായ ഏഴ് കമ്പ്യൂട്ടറുകൾ ആണ് സ്കൂളിൽ ഉള്ളത്. കഴിഞ്ഞ വർഷം പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും വൈ ഫൈ. കണക്ഷൻ ലഭിച്ചിട്ടുണ്ട്. ഒന്നാംക്ലാസ് ഹൈടെക് ആക്കിയതിനാൽ അവിടെ സ്മാർട്ട് റ്റി.വി.യാണ് സ്ഥാപിച്ചിരിക്കുന്നത്. അതിലേയ്ക്ക് വൈ ഫൈ കണക്ഷൻ എടുക്കുന്നതിന് കഴിയുന്നുണ്ട്. എല്ലാ ക്ലാസിലും കമ്പ്യൂട്ടർ സ്ഥാപിക്കുന്നതിന് കഴിഞ്ഞിട്ടില്ല. 2016-17-ൽ വെള്ളാപ്പള്ളി ഗ്രൂപ്പ് രണ്ട് കമ്പ്യൂട്ടറുകൾ നൽകി. കുട്ടികളുടെ എണ്ണത്തിന് ആവശ്യമായ കമ്പ്യൂട്ടർ, ലാപ്ടോപ്പ്, എൽസിഡി പ്രോജക്ടർ, ഇരിപ്പിടം, മേശകൾ എന്നിവ കണ്ടെത്തേണ്ടിയിരിക്കുന്നു. എൽ ആകൃതി കെട്ടിടത്തിന്റെ മുകളിൽ ക്ലാസ് മുറികൾ പണിയുന്നതോടെ ഒരു കമ്പ്യൂട്ടർ ലാബ് ക്രമീകരിക്കുന്നതിന് സാധിക്കും. ലാബിനെ വികസിപ്പിക്കുന്നതോടൊപ്പം രക്ഷിതാക്കൾക്കുകൂടി ഇവ പ്രയോജനപ്പെടുത്തുന്നതിന് സാധിക്കും. ഒരു അക്ഷയ കേന്ദ്ര മാതൃകയിൽ കമ്പ്യൂട്ടർ ലാബ് പൊതുജനങ്ങൾക്കുകൂടി പ്രയോജനപ്പെടണം.

## ഊട്ടുപുര

പരിമിതമായ സൗകര്യത്തോടുകൂടിയ ഒരു അടുക്കളയും ഊട്ടുപുരയും സ്കൂളിനുണ്ട്. മുനിസിപ്പാലിറ്റി ഫണ്ട് ഉപയോഗിച്ച് കെട്ടിടത്തിന്റെ മുകൾഭാഗം ഷീറ്റ് ഇട്ട് നനയാതെ സൂക്ഷിച്ചിട്ടുണ്ട്. അടുക്കള ടൈൽ ചെയ്തിട്ടുണ്ട്. 2017-18 വർഷത്തെ ഫണ്ട് ഉപയോഗിച്ച് ഊട്ടുപുര ടൈൽ ചെയ്ത് സീലിംഗ് നടത്തി പെയിന്റ് അടിച്ച് മോടി പിടിപ്പിച്ചിട്ടുണ്ട്. ഊട്ടുപുരയുടെ പിറകുവശത്ത് കുട്ടികൾക്ക് കൈകഴുകുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. അടുക്കളയിലേയ്ക്കും ഊട്ടുപുരയിലേയ്ക്കും ആവശ്യത്തിന് ഉപകരണങ്ങളും ഫർണിച്ചറുകളും വാങ്ങണം. വൈദ്യുതീകരിച്ച് ഫാനുകൾ, ട്യൂബുകൾ എന്നിവ പിടിപ്പിക്കണം .

## ചുറ്റുമതിൽ

നിലവിൽ ക്യാമ്പസിന്റെ മുൻഭാഗത്തും രണ്ട് വശങ്ങളിലുമാണുള്ളത്. ഇത് കാലപ്പഴക്കം കൊണ്ട് ജീർണ്ണിച്ച് അവസ്ഥയിൽ ആണ്. സ്കൂളിന്റെ പുറകുവശം വലിയ രീതിയിൽ ഇടിഞ്ഞ് വീണതിനാൽ അവിടെ മതിലും ചുറ്റുമതിലും ഇല്ലാത്ത

അവസ്ഥയിലാണ്. വലിയ ഒരു സാമ്പത്തിക ചിലവു വരുന്ന ഒന്നാണ് ചുറ്റുമതിൽ നിർമ്മാണം സ്കൂൾ സുരക്ഷിതവും ആകർഷകവും ആക്കുന്നതിന് ചുറ്റുമതിലും അതിലെ അകവും പുറവും ചിത്രങ്ങൾകൊണ്ട് അലംകൃതവുമായിരിക്കണം. മുൻവശത്തുള്ള മതി ലിൽ ഡയറ്റിന്റെ ശ്രമഫലമായി കുറേചിത്രങ്ങൾ വരച്ച് ജൈവവൈവിധ്യ സന്ദേശങ്ങൾ നൽകുന്നതിനും അതുവഴി കുട്ടികൾക്ക് തങ്ങളുടെ പഠനപ്രവർത്തനങ്ങൾ അതുമായി ബന്ധി പ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. ചുറ്റുമതിൽ നിർമ്മിക്കുന്നതോടൊപ്പം പ്രവേശന കവാടവും ആകർഷകം ആക്കണം. നല്ല ഒരു ബോർഡും ആവശ്യമാണ് .

## കുട്ടികളുടെ പാർക്ക്

നിലവിൽ കുട്ടികളുടെ പാർക്കിൽ അത്യാവശ്യ ഉപകരണങ്ങൾ ഉണ്ട്. എന്നാൽ കുട്ടികളുടെ കായിക ശേഷി / പേശി വളർച്ചയ്ക്ക് ഉതകുന്ന തരത്തിൽ കൂടുതൽ ഉപകരണങ്ങൾ സ്ഥാപിക്കുകയും മരച്ചുവടുകളിൽ തറ കെട്ടി കുട്ടികൾക്ക് ഇരിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുകയും ചെയ്യേണ്ടതുണ്ട് കൂടാതെ പാർക്കിലെ കുളവും അതിന്റെ പരിസരവും ഭംഗിയുള്ളതായി മാറ്റണം. പാർക്ക് പുല്ല് പിടിപ്പിച്ച് മനോഹരമാക്കണം. ഇന്ത്യയുടെ ഭൂപടവും ഗ്ലോബും നല്ല രീതിയിൽ വരച്ച് ആകർഷകമാക്കണം . ഇതിനോട് ചേർന്ന് നല്ല പൂന്തോട്ടം നിർമ്മിക്കുന്നതിന് സാധിക്കും വിശ്രമപഠനം നടത്തുന്നതിന് ഉതകുന്ന രീതിയിൽ ഒരു വള്ളത്തിന്റെ മാതൃകയിൽ കുട്ടികൾക്ക് ഇരിക്കാൻ ഇരിപ്പിടം ഉണ്ട്. ഇതിനെ ഒരു വള്ളിക്കുടിൽ ആക്കി മാറ്റിയാൽ നല്ല ഒരു വിശ്രമ പഠന കേന്ദ്രമായിരിക്കും.

## കളിസ്ഥലം

നിലവിൽ 50 മീറ്റർ നീളത്തിൽ ഒരു ചെറിയ കളിസ്ഥലം ഉണ്ട് ഇതിനെ കൂടുതൽ വികസിപ്പിക്കുന്നതിന് സ്കൂളിൽ സ്ഥലം ഇല്ല. എന്നാൽ ഇതിന്റെ വശങ്ങളിൽ ജംമ്പിംഗ് പിറ്റുകൾ സ്ഥാപിക്കുന്നതിന് കഴിയും. കൂടാതെ താഴത്തെ കെട്ടിടം നവീകരിക്കുന്നതോടെ ഒരു ഇൻഡോർസ്റ്റേഡിയം (ഷട്ടിൽ) പണിയുവാൻ കഴിയും. ഇവിടെ കളിസ്ഥലത്തിന്റെ അഭാവത്തിൽ തൊട്ട് ചേർന്ന് കിടക്കുന്ന ഹൈസ്ക്കൂളിൽ ഉള്ള കളിസ്ഥലം കുട്ടികളുടെ ഉന്നമനത്തിനായി ഉപയോഗിക്കാൻകഴിയും.

## വാഹനപാർക്കിംഗ് ഏരിയ

വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനും മറ്റും ഇപ്പോൾ സൗകര്യങ്ങൾ ഇല്ല. അധ്യാപകരുടെയും മറ്റും വാഹനങ്ങളും കുട്ടികളുടെ സൈക്കിളുകളും പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ പരിഗണിക്കേണ്ടതാണ്.

## ടോയിലറ്റുകൾ

നിലവിൽ പ്രവർത്തനക്ഷമമായ മുന്ന് ടോയിലറ്റുകൾ ഉണ്ട് എന്നിരുന്നാൽ തന്നെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ആധുനിക സൗകര്യങ്ങൾ ഉള്ള രണ്ട് യൂണിറ്റ് ടോയിലറ്റ് സൗകര്യങ്ങൾ ലഭ്യമാക്കണം. ഗേൾസ് ഫ്രണ്ട്ലി ടോയിലറ്റുകൾ അഡാപ്റ്റഡ് ടോയിലറ്റ് എന്നിവ ആവശ്യമുണ്ട്.

## ഓഫീസ് റൂം

നിലവിൽ ഒരു ക്ലാസ്സ് മുറി ഓഫീസ് ആയി ഉപയോഗിക്കുന്നു. ആവശ്യത്തിന് മേശ കസേര അലമാര കമ്പ്യൂട്ടർ എന്നിവയുടെ അഭാവം ഉണ്ട്. പുസ്തകങ്ങളും മറ്റ് സാമഗ്രികളും വയ്ക്കുന്നതിന് ഒരോരുത്തർക്കും അലമാരയോ റായ്ക്കോ ആവശ്യമുണ്ട്.

## ജൈവ വൈവിധ്യ ഉദ്യാനം

സ്കൂളിന് സ്വാഭാവികമായ ജൈവീക മേഖലതന്നെയുണ്ട് പട്ടണനടുവിൽ സ്ഥിതിചെയ്യുന്ന സ്കൂളിൽ വിവിധതരം വൃക്ഷങ്ങൾ നിറഞ്ഞു നിൽക്കുന്നു. കൂടാതെ വിവിധ തരത്തിലുളള ഫലവൃക്ഷങ്ങളും വച്ചു പിടിപ്പിച്ചിട്ടുണ്ട്. കുളങ്ങൾ, ജൈവ വൈവിധ്യ ഉദ്യാനം ശലഭപാർക്ക് എന്നിവയുടെ പണികൾ പ്രാരംഭ ഘട്ടത്തിലാണ്. സസ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട അവർ കടന്നുപോകുന്ന പാഠഭാഗങ്ങളിലെ മുഴുവൻ സസ്യങ്ങളും അനുബന്ധ സാമഗ്രികളും സ്കൂളിൽ ഉണ്ട് എന്ന് ഉറപ്പു വരുത്താൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. കുറെ വൃക്ഷങ്ങളുടെ പേരും, ശാസ്ത്രനാമവും അവയുടെ ഉപയോഗവും എഴുതി പ്രദർശിപ്പിക്കാൻ കഴിഞ്ഞു. കുട്ടിവനം പദ്ധതി അതിന്റെ പ്രാരംഭദിശയിലാണ്. ഇനിയും കൂടുതൽ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനുണ്ട്. ജൈവ വൈവിധ്യ പാർക്കിന്റെ ഏറ്റവും നല്ല മാതൃക ജില്ലയിലെ ട്രെയിനിംഗ് സെന്ററിൽ ഉണ്ടാകുന്നതിന് വേണ്ട പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടിയിരിക്കുന്നു.

## മാലിന്യ സംസ്കരണം

അടുക്കള മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഒരു ബയോഗ്യാസ് പ്ലാന്റ് ഉണ്ട്. എന്നാൽ ഇത് പ്രവർത്തന ക്ഷമം അല്ല. മറ്റൊരു പ്ലാന്റ് കണ്ടെത്തേണ്ടിയിരിക്കുന്നു. മറ്റ് ജൈവാവശിഷ്ടങ്ങൾ സംസ്കരിച്ച് വളമാക്കുന്നതിന് സംവിധാനങ്ങൾ ഒരുക്കി കഴിഞ്ഞു. മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് (ജൈവം, അജൈവം, അപകടംകരം) പിറ്റുകൾ ഉണ്ടാക്കി പ്ലാസ്റ്റിക് മാലിന്യങ്ങൾ കഴിവതും സ്കൂളിൽ ഉപയോഗിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നു. എങ്ങനെയെങ്കിലും എത്തുന്നവ വേണ്ട രീതിയിൽ ശുദ്ധമാക്കി സൂക്ഷിച്ചാൽ നഗരസഭ അവ സംസ്കരിക്കുന്നതാണ്. ഇത് കൂടാതെ പൈപ്പ് കംമ്പോസ്റ്റ് യൂണിറ്റും പ്രവർത്തിക്കുന്നു.

## പച്ചക്കറിത്തോട്ടം

ജൈവപച്ചക്കറികൃഷിയും അതിന്റെ ഗുണങ്ങളും കുട്ടികളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ സ്കൂളിൽ പച്ചക്കറി കൃഷി നടപ്പിലാക്കി വരുന്നു. നിലവിലെ പച്ചക്കറി കൃഷി വിപുലമാക്കണം. ആധുനിക രീതിയിലുളള കൃഷി രീതികൾ പരിചയപ്പെടുത്തണം അതിന് കഴിഞ്ഞിട്ടില്ല. ഉദാഹരണം പോളിഹൗസ് കൃഷിരീതി, അക്വാപോണിക്സ്, ഡ്രിപ്പ് ഇറിഗേഷൻ തുടങ്ങിയവ.

## അക്കാദമികം

വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും പൂർണമായ അർത്ഥത്തിൽ അക്ഷര ബോധവും അക്കബോധവും ലഭിക്കുക എന്നതാണ് മുഖ്യലക്ഷ്യം. പാഠ്യപദ്ധതി നിർദ്ദേശിക്കുന്നതരത്തിലുളള എല്ലാ കഴിവുകളും അന്താരാഷ്ട്ര നിലവാരത്തിലുളള ധാരണകളും നൈപുണികളും നേടിയെടുക്കുക എന്ന ലക്ഷ്യത്തെ മുൻനിർത്തി, വിഷയത്തിനപ്പുറം കുട്ടികളിലെ സർഗ്ഗപരമായ കഴിവുകൾ വളർത്തി അവരെ

രാഷ്ട്രത്തിന് ചേരുന്ന സമൂഹത്തിന് ചേരുന്ന, പൗരൻമാരാക്കി തീർക്കുക എന്നതാണ് ലക്ഷ്യം. ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് ഉതകുന്നതരത്തിലുള്ള അക്കാദമിക പ്രവർത്തനങ്ങളാണ് സ്കൂൾ നടപ്പിലാക്കികൊണ്ടിരിക്കുന്നത്. മലയാളത്തിനോടൊപ്പം ഇംഗ്ലീഷും ഹിന്ദിയും സങ്കോചം കൂടാതെ കൈകാര്യം ചെയ്യുന്നതിന് ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. എന്നാൽ തന്നെ അക്കാദമിക പ്രവർത്തനങ്ങളിൽ കൂടുതൽ പ്രവർത്തനങ്ങൾ നടത്തി സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് എത്തിക്കേണ്ടതുണ്ട്.

- ഭാഷാശേഷി വികസനം ലക്ഷ്യം വച്ചുകൊണ്ട് മലയാളത്തിളക്കം, വർണ്ണം, ശ്രദ്ധ എന്നിവയും ഇംഗ്ലീഷ്, ഹിന്ദിഭാഷകളുടെ വികസനത്തിന് വേണ്ട പ്രവർത്തനങ്ങളും നടന്നു വരുന്നു. ഇത് ശക്തിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. വായന പോഷണ പരിപാടികൾ, മികച്ച രചനകൾ ഒരുക്കൽ, വായന കാർഡുകൾ നിർമ്മിക്കൽ, സർഗചുവർ, സാഹിത്യകാരന്മാരെ സ്കൂളിൽ എത്തിക്കൽ, കഥയരങ്ങ്, കവിയരങ്ങ്, തുടങ്ങിയവയിലൂടെ ഭാഷാവികസനം ലക്ഷ്യമിടുന്നു. കുട്ടികളിൽ ഗണിതശേഷി വികസനത്തിന് ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. അധിക സമയം കണ്ടെത്തി ഓരോ ക്ലാസ്സിലും ലഭിക്കേണ്ട ശേഷികൾ ലഭിച്ചു എന്ന് ഉറപ്പുവരുത്തുന്നു.
- ശാസ്ത്ര പോഷണത്തിന്റെ ഭാഗമായ പരിമിത സൗകര്യങ്ങളെ ഉപയോഗപ്പെടുത്തി ശാസ്ത്രലാബ് പ്രവർത്തിക്കുന്നു. എല്ലാ ശാസ്ത്ര ക്ലാസ്സുകളും ലാബിൽ തന്നെ ക്രമീകരിക്കുന്നതിന് ശ്രദ്ധിക്കുന്നു. കൂടെ കാമ്പസ് തന്നെ പാഠപുസ്തകം എന്നതിനെ മുൻനിറുത്തി, കുട്ടികൾ മനസിലാക്കേണ്ട സസ്യങ്ങൾ നേരിട്ട് കാണുന്നതിന് ഒരു പരിധിവരെ സൗകര്യങ്ങൾ ഒരുക്കിയിരിക്കുന്നു. ഇനിയും കൂടുതൽ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നു.
- സാമൂഹ്യ ശാസ്ത്ര തത്വങ്ങൾ കുട്ടികളിൽ എത്തിക്കുന്ന വിവിധ പ്രവർത്തനങ്ങൾ സ്കൂൾ നടപ്പിലാക്കി വരുന്നു. പാഠ്യപദ്ധതിയിൽ ആസൂത്രണം നടത്തിയിരിക്കുന്ന വിധത്തിൽ നിലപാട് സ്വീകരിക്കാനും അത് ജീവിതത്തിൽ പ്രതിഫലിപ്പിക്കുന്നതിനും അവൻ പരിശീലിക്കുന്നു, മനോഭാവം സൃഷ്ടിക്കുന്നു. കൂടുതൽ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാനുള്ള പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. സാമൂഹ്യ ശാസ്ത്രത്തിന് ലാബ്, മ്യൂസിയം , വാനനിരീക്ഷണ സംവിധാനങ്ങൾ എന്നിവ ഒരുക്കേണ്ടിയിരിക്കുന്നു. വിഷയത്തിൽ കൂടുതൽ അറിവും ജ്ഞാനവും ഉള്ളവരെ (ഭൂമിശാസ്ത്രം പോലുള്ള വിഷയങ്ങളിൽ) സ്കൂളുകളിൽ എത്തിക്കുകയും കുട്ടികളുമായി അഭിമുഖം നടത്തുകയും ചെയ്യേണ്ടിയരിക്കുന്നു. പാർക്കും, സ്കൂൾപരിസരവും കുറച്ചുകൂടി സാമൂഹ്യശാസ്ത്ര അഭിരുചി വരുത്തുന്ന തരത്തിലാക്കിതീർക്കണം. കുട്ടികളിലെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു ഐ.റ്റി.സി സംവിധാനത്തോടെ ഇവ വിപുലപ്പെടുത്തണം.
- കലാ- കായിക- പ്രവർത്തി പരിചയ പ്രവർത്തനങ്ങൾ സ്കൂളിന്റെ പരിമിധിയിൽ നിന്നുകൊണ്ട് നല്ലരീതിയിൽ നടപ്പിലാക്കി വരുന്നു പ്രവർത്തിപരിചയത്തിന് ഈ സ്കൂളിൽ ഒരു സ്ഥിരം അദ്ധ്യാപകനുണ്ട്. കലയ്ക്കും, കായികത്തിനും ഈ വർഷം

മുതൽ അദ്ധ്യാപകർ ഉണ്ട്. അതിനാൽ തന്നെ ഇതിൽ കൂടുതൽ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് സാധിക്കുന്നു.

പ്രവർത്തി പരിചയ പ്രവർത്തനങ്ങൾ സുഗമായി നടപ്പിലാക്കുന്നതിന് ഒരു കെട്ടിടം ആവശ്യമുണ്ട്. ഇവയിലേയ്ക്ക് വേണ്ട ഉപകരണങ്ങളും വേണം. അഗർബത്തി, ചോക്കുനിർമ്മാണം, ബുക്ക് ബൈന്റിംഗ് , ഓഫീസ് ഫയൽ നിർമ്മാണം, എംബ്രോയിഡറി തുടങ്ങിയ പരിശീലനങ്ങൾ നടപ്പിലാക്കിവരുന്നു. കെട്ടിടവും മറ്റ് സൗകര്യങ്ങളും ഉണ്ടെങ്കിൽ ഇത്തരത്തിലുള്ള പരിശീലനങ്ങൾ മാതാപിതാക്കൻമാരിലേയ്ക്കും സ്കൂൾ പരിസരത്തെ ജനങ്ങളിലേയ്ക്കും എത്തി ക്കുന്നതിന് സാധിക്കും.

- കുട്ടികളുടെയും രക്ഷിതാക്കളുടെയും മാനസികാരോഗ്യം സംരക്ഷിക്കുന്ന തര ത്തിലുള്ള പ്രവർത്തനങ്ങൾ ഒരു പരിധിവരെ നടപ്പിലാക്കി വരുന്നു. ഇത്തരം പ്രവർത്തനങ്ങൾ കൂടുതൽ ദൃഢപ്പെടുത്തണം. കുട്ടികൾക്കും രക്ഷിതാക്കൾക്കും കൗൺസിലിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തണം ഇതിനായി സാമൂഹ്യക്ഷേമ വകുപ്പിന്റെ സഹായത്തോടെ ഒരു കൗൺസിലറെ നിയമിക്കണം.
- വ്യക്തിത്വവികസനം ലക്ഷ്യമാക്കി കൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് കൂടുതൽ ശക്തിപകരുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു ജീവിത നൈപുണികൾ, പ്രസംഗം, കവിത, നാടൻപാട്ട്, തുടങ്ങി കുട്ടികളുടെ അഭിരുചിക്ക് അനുസരിച്ച് ശില്പശാലകൾ ആസൂത്രണം ചെയ്യണം.
- പഠനപിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് പഠനത്തിൽ പിന്നോക്കം നിൽക്കു ന്നവരെ പൊതുനിരയിലെത്തിക്കുന്നതിന് എല്ലാ ദിവസവും ഒരു മണിക്കൂർ പരിഹാര പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഒന്ന് മുതൽ നാല് വരെ ക്ലാസ്സുകളിലെ ഒരു യൂണിറ്റായും യു.പി. ക്ലാസ്സിനെ പൊതുവിലും കണ്ട് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. ഇംഗ്ലീഷ്, ഹിന്ദി, മലയാളം, കണക്ക് എന്നിവയ്ക്ക് പരിശിലനം നൽകി വരുന്നു. കൂടുതൽ ചിട്ടയോടെ ഈ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതാണ്.
- പ്രതിഭാപോഷണ പദ്ധതിയുടെ ഭാഗമായി എല്ലാതരം അധ്യാപകപരിശീലനങ്ങളിലും മുഴുവൻ അധ്യാപകരും പങ്കെടുക്കുന്നു. പല അധ്യാപകരും സംസ്ഥാന തലം മുതൽ ഇത്തരം പരിശീലനങ്ങളിൽ പങ്കെടുക്കുന്നവരാണ്. അധ്യാപകരുടെ മികവുകൾ കൂടുതൽ ഉയർത്തുന്നതിനായി കൂടുതൽ പ്രതിഭാശേഷിയുള്ളവരുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തേണ്ടിയിരിക്കുന്നു.
- കുട്ടികളുടെ പ്രതിഭാപോഷണത്തിനായി വിവിധ പ്രവർത്തനങ്ങൾ നടന്നു വരുന്നു. എല്ലാവിധ സ്കോളർഷിപ്പുകളിലും കുട്ടികൾ പങ്കെടുക്കുന്നു. ഇതിനു വേണ്ട പരിശീലനങ്ങൾ നൽകിവരുന്നു. എൽ.എസ്.എസ്., യു.എസ്.എസ്. പോലുള്ള സ്കോളർഷിപ്പുകൾക്കു കൂടുതൽ പ്രയോജനകരമായ പദ്ധതികൾ ആസൂത്രണം നടത്തണം കൂടാതെ മറ്റ് സമീപവിദ്യാലയങ്ങളിലെ കുട്ടികൾ ഇവിടെ എത്തി പരിശീലനം നടത്തുന്ന തരത്തിൽ ഇവ മാറ്റിയെടുക്കണം.
- ജനാധിപത്യ ശീലങ്ങൾ സ്വാംശീകരിക്കുന്നതിനും ജനായത്ത വിദ്യാലയ സങ്കലപം വികസിപ്പിക്കുന്നതിനും സ്കൂൾ പാർലമെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും,

ക്ലാസ്സ് സഭകൾ രൂപീകരിച്ച് നേതൃത്വപാടവം വളർത്താനും, അടിയന്തിര സാഹചര്യങ്ങളെ നേരിടാനുള്ള പരിശീലനക്കളരിയായി സ്കൂൾ പാർലമെന്റിനെ പ്രയോജനപ്പെടുത്തും.

- സാമൂഹ്യസേവനത്തിന്റെ ബാലപാഠങ്ങൾ എൽ.പി. തലത്തിൽ നിന്നു തന്നെ തുടങ്ങണമെന്ന അറിവിന്റെ അടിസ്ഥാനത്തിൽ ഇതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. വിവിധ ക്ലാസ്സ് പ്രവർത്തനങ്ങൾ , ശുചിത്വ സേന, ജൂനിയർ റെഡ്ക്രോസ് എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഇത്തരം പ്രവർത്തനങ്ങൾക്ക് ഊർജ്ജം നൽകുന്നു. അയൽ പക്കത്തേയ്ക്കും ഇറങ്ങിചെന്ന് അവിടുത്തെ ആവശ്യങ്ങൾ അടുത്തറിഞ്ഞ് അതിൽ ഇടപെടുന്നതിനുള്ള അവസരങ്ങൾ ഇനിയും കുട്ടികൾക്ക് ഉണ്ടാക്കികൊടുക്കണം. മെഡിക്കൽ ക്യാമ്പു കൾ, ബോധവത്കരണ ക്ലാസ്സുകൾ എന്നിങ്ങനെ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കണം.
- വിവിധ ദിനാചരണങ്ങൾ വളരെ വിപുലമായ രീതിയിൽ നടത്തപ്പെടുന്നു. ഓരോ ദിനവും ആചരിക്കുക മാത്രമല്ല അതിൽ എന്ത് സന്ദേശം അടങ്ങിയിരിക്കുന്നു. എന്നത് കുട്ടികളിൽ എത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. ദേശീയ ദിനാഘോഷങ്ങൾ ജനപ്രതിനിധികളുടെയും രക്ഷിതാക്കളുടെയും സാന്നിധ്യത്തിൽ നടത്തി വരുന്നു. ഇത്തരം പ്രധാനപ്പെട്ട ദിനങ്ങളിൽ കുട്ടികൾ വിവിധപ്രവർത്തനങ്ങളിലൂടെ കടന്ന് പോകുന്നു. ഉദാഹരണം സ്വാതന്ത്ര്യദിനം, പതാകനിർമ്മാണം (ഇതിന്റെ അംശബന്ധം, നിറം, ആരക്കാലുകൾ നിറങ്ങൾ എന്തിനെ സൂചിപ്പിക്കുന്നു തുടങ്ങിയ) ക്വിസ്, പ്രസംഗം, സ്വാതന്ത്ര്യസമര സേനാനികളുടെ ഫോട്ടോ പ്രദർശനം തുടങ്ങിയവ. ഇതിൽ അധ്യാപകരുടെയും കുട്ടികളുടേയും പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തുന്നു. ഭിന്നനിലക്കാർക്ക് വേണ്ട പ്രവർത്തനങ്ങൾ നടത്തുന്നു. ഇനിയും ചിലതുകൂടി കൂട്ടിച്ചേർക്കാനുണ്ട്. പൊതുസമൂഹത്തിന്റെ പങ്കാളിത്വകുറവ് പരിഹരിക്കേണ്ടിയിരിക്കുന്നു. നല്ല സന്ദേശങ്ങളും പ്രവർത്തനങ്ങളും പൊതു സമൂഹവുമായി പങ്കുവെയ്ക്കപ്പെടണം.
- ശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഗണിതം പ്രവർത്തി പരിചയം തുടങ്ങിയ മേളകളിൽ സബ്ജില്ല തലത്തിൽ വിജയം കൈവരിക്കുന്നു. കൂടുതൽ മികച്ച വിജയം കൈവരിക്കുന്നതിന് ഒരു മേള കഴിയുന്ന മുറയ്ക്ക് തന്നെ അടുത്ത മേളയ്ക്ക് വേണ്ട പരിശീലങ്ങൾആരംഭിക്കണം. അടുത്തവർഷത്തേയ്ക്കുള്ള ഇനങ്ങൾ നിശ്ചയിച്ച് അവയിൽ പരിശീലനം ആരംഭിക്കണം. പ്രവർത്തിപരിചയ ഇനങ്ങളിൽ (ചോക്കുനിർമ്മാണം, അഗർബത്തി, ബുക്ക് ബൈയന്റിംഗ്, ഓഫീസ് ഫയൽ നിർമ്മാണം എംബ്രോയിഡറി) മിടുക്ക് കാണുന്ന കുട്ടികൾക്ക് പ്രത്യേകപരിശീലനം ആവശ്യമാണ്. ഇതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കും.
- കുട്ടികളിൽ രൂപപ്പെടേണ്ട പ്രകൃതി സ്നേഹം, പ്രകൃതിയെ നിരീക്ഷിക്കൽ, പ്രകൃതിയിൽ നിന്നുള്ള പഠനം എന്നിവയ്ക്ക് പ്രാധാന്യം നൽകി കൊണ്ടുള്ള പ്രവർത്തനങ്ങളാണ് സ്കൂളിൽ നടപ്പിലാക്കുന്നത്. പ്രകൃതിയെ അടുത്ത് അറിയുന്നതിന് വിവധ അവാസവ്യവസ്ഥകളെകുറിച്ച് കൂടുതൽ അറിവ് നേടുന്ന തിന്, പ്രകൃതിയുടെ വിവിധ രൂപങ്ങളാണ് നമ്മുടെ ജീവൻ നിലനിർത്തുന്നത് എന്ന്

മനസിലാക്കാൻ ഇത്തരത്തിലുള്ള പ്രദേശങ്ങളിൽ കുട്ടികളെ കൊണ്ടു പോകേണ്ടി യിരിക്കുന്നു. അതിനുള്ള ആസൂത്രണം നടപ്പിലാക്കുന്നതാണ്.

- സ്കൂൾ തലത്തിൽ ആരോഗ്യ വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകിവരുന്നു. ആഴ്ചയിൽ ഒരിക്കൽ ഹെൽത്ത് സെന്ററിൽ നിന്ന് ഒരു നേഴ്സ് എത്തി കുട്ടികളുടെ ആരോഗ്യപരിശോധനകൾ നടത്തിവരുന്നു. ആരോഗ്യവിദ്യാഭ്യാസത്തിന് കൂടുതൽ ഊന്നൽ കൊടുത്തുകൊണ്ട് രക്ഷിതാക്കളെയും ബോധവൽക്കരി ക്കേണ്ടിയിരിക്കുന്നു. വിദഗ്ധരുടെ ക്ലാസ്സുകൾ, മെഡിക്കൽ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുക, ലഹരി ഉപയോഗത്തിന്റെ ദൂഷ്യങ്ങൾ, മദ്യം മയക്കുമരുന്ന് തുടങ്ങിയവ വ്യക്തികളേയും, കുടുംബങ്ങളേയും സമൂഹത്തേയും എങ്ങനെ സാധീനിക്കുന്നു, തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ധരുടെ ക്ലാസ്സുകളിലൂടെ രക്ഷിതാക്കളേയും സമീപ സമൂഹത്തേയും ബോധവൽക്കരിക്കുന്നതിന് ശ്രമിക്കും. ജൈവ, അജൈവ മാലിന്യങ്ങൾ തിരിച്ച് അറിയുന്നതിനും, അവ വേണ്ട രീതിയിൽ സംസ്കരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.
- മാലിന്യത്തെ ജൈവം , പ്ലാസ്റ്റിക്, അപകടകരം എന്നിങ്ങനെ മൂന്നായി തരംതിരിച്ച് സ്കൂളിൽ ശേഖരിക്കുകയും അവയെ പ്രത്യേകം തയ്യാറാക്കിയിരിക്കുന്ന പിറ്റു കളിൽ നിക്ഷേപിക്കുകയും ചെയ്യുന്നു. ഇതിൽ ജൈവമാലിന്യങ്ങളെ വളമാക്കി മാറ്റുന്നു. ഇത് ജൈവപച്ചക്കറിക്ക് ഉപയോഗിക്കുന്നു. പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ വേണ്ട രീതിയിൽ സംസ്ക്കരിക്കുന്നതിനുള്ള പരിശീലനം ഇനിയും കുട്ടികൾക്കും രക്ഷിതാക്കൾക്കും ലഭിക്കേണ്ടിയിരിക്കുന്നു. ഇതിനുവേണ്ട ബോധവൽക്കരണ ക്ലാസ്സു കൾ നടപ്പിലാക്കണം.
- കാർഷിക സംസ്കാരം കുട്ടികളിൽ വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി സ്കൂളിൽ ജൈവപച്ചക്കറിത്തോട്ടം നിർമ്മിച്ചിരിക്കുന്നു. ഇതിലൂടെ വിഷരഹിത പച്ചക്കറികളി- ലെ ഗുണങ്ങൾ കുട്ടികൾ തിരിച്ചറിയുന്നു.
- കൃഷിയേയും മാലിന്യമാനേജ്മെന്റിനേയും ബന്ധപ്പെടുത്തി ഉദ്ഗ്രഥിത കൃഷി രീതികൾ കുട്ടികൾ പ്രായോഗികമായി പരിചയപ്പെടേണ്ടിയിരിക്കുന്നു. വിവിധങ്ങ ളായ കമ്പോസ്റ്റ് നിർമ്മാണ രീതികൾ കുട്ടികളെയും രക്ഷിതാക്കളേയും പൊതു സമൂഹത്തേയും പരിജയപ്പെടുത്തുന്ന ഒരിടം ആക്കി വിദ്യാലയത്തെ മാറ്റെണ്ടിയിരി ക്കുന്നു നാട്ടിലെ വിവിധയിനം കൃഷികളുടെ, പണ്ട് ഉണ്ടായിരുന്ന പല കാർഷിക വിളകളുടെയും ജീവൻ ബാങ്ക് ആയി സ്കൂൾ മാറണം. ഇങ്ങനെ ഒരു കാർഷിക സംസ്കാരം നാട്ടിൽ വളർത്തിയെടുക്കുന്നൊരിടമാകണം സ്കൂൾ.

## സാമൂഹികം.

സ്കൂളിന്റെ ഭൗതികവും അക്കാദമികവുമായ വികസനത്തിന് സമൂഹത്തിന് വൈവിധ്യമാർന്ന ഇടപെടലുകൾ നടത്താൻ കഴിയും. പൊതുവിദ്യാലയ സംരക്ഷണ യജ്ഞ ത്തിന്റെ ഭാഗമായി ഇതിൽ തല്പരരായ എല്ലാവരേയും പങ്കെടുപ്പിക്കാൻ ശ്രമിക്കണം. ഇത്തരം ജനകീയ കൂട്ടായ്മയിലൂടെ വിദ്യാലയത്തിന് ആവശ്യമായ എല്ലാമറ്റങ്ങളും സാധ്യമാകും.

ഈ സ്കൂളിനെ സംബന്ധിച്ചിടത്തോളം പി.ടി.എ. പൂർവ്വവിദ്യാർത്ഥി, ജനകീയ കൂട്ടായ്മയിലൂടെ വിവധങ്ങളായ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. ഒന്നാംക്ലാസ്സ്

ഒന്നാം തരം പദ്ധതിയിലൂടെ ഒന്നാം ക്ലാസ്സ് ഹൈടെക് ആക്കി കഴിഞ്ഞു. കിഡ്സ് പാർക്ക് നവീകരിച്ചു. വിദ്യാലയത്തെ ഹരിതാഭമാക്കുന്നതിന്റെ ഭാഗമായി വൃക്ഷത്തൈകൾ വച്ചു പിടിപ്പിച്ചു. ഇങ്ങനെ സ്കൂളിനെ ഉന്നതിയിലേയ്ക്ക് എത്തിക്കുന്നതിനുള്ള എല്ലാ പിന്തുണയും ലഭിച്ചുകൊണ്ടിരിക്കുന്നു.

പ്രാദേശിക പി.റ്റി.എ. കൾ ശക്തിപ്പെടുത്തി, കോർണർ പി.റ്റി.എ യോഗങ്ങളിലൂടെ, ജനകീയ കൂട്ടായ്മയിലൂടെ പൊതുസമൂഹത്തിലേയ്ക്ക് വിദ്യാലയനേട്ടങ്ങളെ പ്രചരിപ്പിക്കുകയും പൊതു സമൂഹത്തിനെ ബോധവൽക്കരിക്കുന്ന വിവിധ ക്ലാസുകൾ നയിക്കുകയും ചെയ്യണം. പൊതുസമൂഹത്തിന് തങ്ങളുടെ ഈ മാതൃവിദ്യാലയത്തെ സംരക്ഷിക്കേണ്ട ആവശ്യകത മനസ്സിലാക്കി പി.റ്റി.എ, പൂർവ്വവിദ്യാർത്ഥി സംഘടന, മറ്റ് സന്നദ്ധ സംഘടനകൾ, ക്ലബ്ബുകൾ, സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തണം. വിദ്യാലയ വിഭവങ്ങൾ പൊതുസമൂഹത്തിനും കൂടി പ്രയോജനപ്പെടുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കണം. മാതൃകാപരമായ ക്ലാസ്സ് പി.റ്റി.എ- യെ സംഘടിപ്പിക്കണം . എസ്. എസ്.ജി ശക്തിപ്പെടുത്തണം, പ്രയോജനപ്പെടുത്തണം.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| 1. ഭാഷാശേഷി വികസനം | ക്ലാസ് മുറികൾ | ക്ലാസ് പി.റ്റി.എ. |
| 2. ഇംഗ്ലീഷ് പഠനപരിപോഷണം | ഓഫീസ് മുറി | പി.റ്റി.എ. |
| 3. പോഷകാഹാര പരിപാടി | സ്റ്റാഫ് മുറി | പ്രാദേശിക പി.റ്റി.എ. |
| 4. സ്കൂൾ പത്രം, മാസികകൾ | ലാബോറട്ടറി | കോർണർ പി.റ്റി.എ. |
| 5. പഠനയാത്ര | ലൈബ്രറി | പൂർവ്വ വിദ്യാർത്ഥി സംഗമം |
| 6. ലൈബ്രറി ശാക്തീകരണം | ഊട്ടുപുര | പൂർവ്വ അധ്യാപക കൂട്ടായ്മ |
| 7. സെമിനാറുകൾ | ചുറ്റുമതിൽ | പൊതുവിദ്യാഭ്യാസ സംരക്ഷണ കൂട്ടായ്മ |
| 8. ദിനാചരണം | ഗേറ്റ് | |
| 9. ഐ. റ്റി. പരിശീലനം | കുട്ടികളുടെ പാർക്ക് | |
| 10. പ്രവർത്തിപരിചയ പഠനം | കളിസ്ഥലം | |
| 11. കായികം | കമ്പ്യൂട്ടർ ലാബ് | |
| 12. പച്ചക്കറിത്തോട്ടം | ടോയിലറ്റ് | |
| 13. ആരോഗ്യം/മെഡിക്കൽ ക്യാമ്പ് | വാഹനപാർക്കിംഗ് ഏരിയ | |
| 14. വ്യക്തിത്വ വികസനം മാനസികാരോഗ്യം | കുടിവെള്ള വിതരണം | |
| 15. സാമൂഹ്യസേവനം | മാലിന്യസംസ്കരണം | |
| 16. ജനാധിപത്യ നേതൃത്വം | ഊർജ്ജസ്വയം പര്യാപ്തത | |
| 17. ലഹരിവിരുദ്ധമനോഭാവം വളർത്തുക | | |
| 18. മാലിന്യ സംസ്കരണം | | |
| 19. ജൈവവൈവിധ്യപാർക്ക് | | |
| 20. കലകളുടെ വികസനം, പ്രതിഭാ പോഷണം | | |
| 21. ഹിന്ദി പരിപോഷണം | | |
| 22. അടിസ്ഥാനശാസ്ത്രം/പരിസര പഠനം | | |
| 23. ഗണിതശാസ്ത്രം | | |
| 24. സാമൂഹ്യശാസ്ത്രം | | |
| 25. എൽ.എസ്.എസ്., യു.എസ്.എസ്.മേളകൾ | | |
| 26. നിരന്തര മൂല്യനിർണ്ണയം, ടേം മൂല്യനിർണ്ണയം | | |

| | | |
|---|---|---|
| 27. എസ്.ആർ.ജി. | | |
| 28. കവികൾ, കവിതകൾ | | |
| 29. സമഗ്രപോർട്ടൽ ശിൽപശാല | | |
| 30. ബുള്ളറ്റിൻ ബോർഡ് | | |
| 31. സർഗ്ഗസല്ലാപം | | |
| 32. ഇംഗ്ലീഷ് അസംബ്ലി | | |
| 33. ഇംഗ്ലീഷ് ഡയറി | | |
| 34. ഇംഗ്ലീഷ് പദപ്രശ്ന നിർമ്മാണം | | |
| 35. സാമൂഹ്യശാസ്ത്രലാബ് | | |
| 36. ഹിന്ദി അസംബ്ലി | | |
| 37.സ്കൂൾ കലണ്ടർ | | |

# അക്കാദമികം

**പ്രവർത്തനം 1**

**1. ഉപമേഖല:- ഭാഷാശേഷി വികസനം**

**ലക്ഷ്യം:-** എല്ലാ കുട്ടികൾക്കും മലയാളഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ.

**പ്രവർത്തനങ്ങൾ:-**

- പഠനനില കണ്ടെത്തൽ (പ്രീ ടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു)
- പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ/ശേഖരിക്കൽ.
- ശരിയായ ഉച്ചാരണത്തോടെയുള്ള കഥകളിലൂടെ അക്ഷരത്തിലേയ്ക്കും പദങ്ങളിലേക്കും ചെറുവാക്യത്തിലേയ്ക്കും എത്തുന്നു.
- പദകാർഡുകൾ നിർമ്മിക്കുന്നു
- ചിഹ്നങ്ങൾ ഉറപ്പിക്കുന്നു
- കടന്നുപോകുന്ന പദങ്ങൾ, വാക്യങ്ങൾ എന്നിവയുമായി ബന്ധപ്പെടുത്തി ചെറിയ ഖണ്ഡികകൾ വികസിപ്പിക്കുന്നു.
- മലയാളത്തിലുള്ള അസംബ്ലി
- മലയാളത്തിലുള്ള ഡയറി
- പതിപ്പുകൾ, ചുമർ പത്രികകൾ, പത്രം.
- ക്ലാസ് ലൈബ്രറി - വായനസാമഗ്രികൾ, ലഘുവായനാ പുസ്തകം
- പത്രം, ബാലപ്രസിദ്ധീകരണങ്ങൾ, ലൈബ്രറിയിലെ കൊച്ചുകഥാപുസ്തകങ്ങൾ എന്നിവ വായിക്കുന്നു.
- അസംബ്ലിയിൽ വായിച്ച പുസ്തകങ്ങൾ പരിചയപ്പെടുത്തുന്നു.
- സ്വന്തം സൃഷ്ടികൾ ഒരുക്കുന്നു
- മെച്ചപ്പെടുത്തുന്നു
- സ്വന്തം രചനകൾ, ശേഖരണങ്ങൾ, പഠനാനുബന്ധ പ്രവർത്തനങ്ങൾ, വായനാകുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കുന്നു.

- മികച്ചവ കണ്ടെത്തി പതിപ്പാക്കി പ്രസിദ്ധീകരിക്കുന്നു.

കാലം

വർഷം മുഴുവൻ

:- സ്റ്റാഫ് ഫണ്ട്, പി.ടി.എ., മുനിസിപ്പാലിറ്റി

ചുമതല

എസ്, ആർ, ജി, ക്ലാസ് ടീച്ചേഴ്സ്

സാമ്പത്തികം

ഓരോ ക്ലാസിനും 1500 രൂപ വീതം

<u>പ്രവർത്തനം 2</u>

ഉപമേഖല: ഇംഗ്ലീഷ് പഠന പരിപോഷണം

<u>ലക്ഷ്യം</u>

എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും, എഴുതുവാനും, സംസാരിക്കാനുമുള്ള കഴിവ് വികസിപ്പിക്കൽ

<u>പ്രവർത്തനങ്ങൾ</u>

- പഠനനില കണ്ടെത്തൽ (പ്രീ ടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു)
- പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ/ശേഖരിക്കൽ
- ധാരാളം English Rhymes, Stories കാണുവാനും കേൾക്കുവാനും അവസരം നൽകുന്നു.
- വസ്തുക്കളുടേയും ജീവികളുടേയും മറ്റും ചിത്രങ്ങൾ സഹിതം വാക്കുകൾ പ്രദർശിപ്പിക്കുന്നു, വായിക്കുന്നു. കേൾക്കാൻ അവസരം നൽകുന്നു.
- ചെറിയ ബാല പ്രസിദ്ധീകരണങ്ങൾ ക്ലാസിൽ ഒരുക്കുന്നു.
- ഇംഗ്ലീഷ് പത്രം
- ഇംഗ്ലീഷ് കോർണർ
- ഇംഗ്ലീഷ് അസംബ്ലി
- ചിത്രകാർഡുകൾ നിർമ്മിക്കുന്നു
- ഇംഗ്ലീഷിൽ സംസാരിക്കാൻ അവസരങ്ങൾ
- ഇംഗ്ലീഷ് ഡയറി

- സ്വയം നിർമ്മിക്കുന്ന ചിത്രകാർഡുകൾ, വാക്കുകൾ, (ചിത്രം സഹിതം) വാക്യങ്ങൾ, കഥകൾ, Rhymes എന്നിവ ചേർത്ത് പതിപ്പുകൾ
- നിലവാരം ഉള്ളവ പ്രസിദ്ധീകരിക്കുന്നു
- ചെറിയ കഥകൾ, Rhymes എന്നിവ അസംബ്ലിയിൽ അവതരിപ്പിക്കുന്നു.

**കാലം**

**വർഷം മുഴുവൻ**

**സ്റ്റാഫ് ഫണ്ട്, പി.ടി.എ., മുനിസിപ്പാലിറ്റി**

**ചുമതല**

എസ്.ആർ.ജി. ക്ലാസ് ടീച്ചേഴ്സ്

**സാമ്പത്തികം**

ഓരോ ക്ലാസിനും 1500 രൂപ പ്രകാരം.

**പ്രവർത്തനം 3**

**ഉപമേഖല: - പോഷകാഹാര പരിപാടി**

**ലക്ഷ്യം**

ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കൽ

**പ്രവർത്തനങ്ങൾ**

- വിഷരഹിത പച്ചക്കറി ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തുവാനായി ജൈവ പച്ചക്കറികൃഷി മെച്ചപ്പെടുത്തുന്നു.
- ആരോഗ്യ ബോധവത്കരണ ക്ലാസുകൾ
- പോഷകാഹാര കലണ്ടറുകൾ
- പോസ്റ്ററുകൾ
- പോഷകാഹാരങ്ങൾ കഴിക്കേണ്ട അളവുകൾ, കഴിച്ചില്ലെങ്കിലുണ്ടാകുന്ന ദോഷഫലങ്ങൾ സൂചിപ്പിക്കുന്ന ചാർട്ട് ക്ലാസ് തോറും പ്രദർശിപ്പിക്കുന്നു.
- വിവിധതരം പച്ചക്കറികൾ കൃഷി ചെയ്യുന്നു.
- ആധുനിക കൃഷി രീതികൾ അവതരിപ്പിക്കുന്നു.
- അന്യം നിന്നു പോയ വിത്തിനങ്ങൾ പുനർസൃഷ്ടിക്കുന്നു. ഇവയുടെ വിത്തുകൾ രക്ഷിതാക്കൾക്കും അയൽ സമൂഹത്തിനും വിതരണം നടത്തുന്നു.
- എല്ലാ കാലാവസ്ഥയിലും കൃഷി നടത്താമെന്നു ബോധ്യപ്പെടുത്തുന്നു.

**കാലം**

വർഷം മുഴുവൻ

**ചുമതല**

കുട്ടികൾ, അധ്യാപകർ, എച്ച്.എം., പി.റ്റി.എ.

**സാമ്പത്തികം**

25000 രൂപ പൊതുവിദ്യാഭ്യാസവകുപ്പ്, കൃഷിവകുപ്പ്, പി.ടി.എ.

**പ്രവർത്തനം 4**

**ഉപമേഖല:- സ്കൂൾ പത്രം, മാസികകൾ**

**ലക്ഷ്യം**

- ഓരോ ക്ലാസിലും കൈയ്യെഴുത്തു മാസികകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ, കഥകൾ, കവിതകൾ എന്നിവ തയ്യാറാക്കൽ.
- വിദ്യാലയത്തിന്റെ മികവ് വിളിച്ചോതുന്ന നിരവധി പ്രവർത്തനങ്ങളുടെ റിപ്പോർട്ട് പത്രത്തിലൂടെ പ്രസിദ്ധപ്പെടുത്തൽ.

**കാലം**

3 മാസത്തിൽ ഒരിക്കൽ

**ചുമതല**

പി.ടി.എ. , ക്ലാസ്സ് ടീച്ചേഴ്സ്

**സാമ്പത്തികം**

ഓരോ ക്ലാസ്സിനും 1000 രൂപ വീതം, പി.ടി.എ., പരസ്യത്തിൽ നിന്ന്, പൂർവ്വവിദ്യാർത്ഥികൾ

**പ്രവർത്തനം 5**

**ഉപമേഖല:- പഠനയാത്ര**

**ലക്ഷ്യം**

പഠനവിധേയമായ കാര്യങ്ങൾ നേരിട്ട് കണ്ട് മനസ്സിലാക്കാനുള്ള അവസരമൊരുക്കൽ.

**പ്രവർത്തനങ്ങൾ**

- ഓരോ ക്ലാസിലെയും കുട്ടികളുടെ ആവശ്യത്തിനും നിലവാരത്തിനും അനുസരിച്ചുള്ള സ്ഥലങ്ങൾ കണ്ടെത്തുക.
- സംവിധാനം ഒരുക്കുക. ആസൂത്രണം നടത്തുക.

- ❖ പഠനയാത്രയിലെ ആകർഷകമായ സ്ഥലങ്ങൾ, സംഭവങ്ങൾ എന്നിവയുടെ വീഡിയോ ശേഖരണം.
- ❖ യാത്ര വിവരണങ്ങൾ തയ്യാറാക്കുകയും, പതിപ്പ് തയ്യാറാക്കുകയും ചെയ്യുക.

**കാലം**

വർഷത്തിൽ ഒന്ന്

**ചുമതല**

കുട്ടികൾ, പി.ടി.എ., ടീച്ചേഴ്സ്, എച്ച്.എം.

**സാമ്പത്തികം**

ഓരോ ക്ലാസിലെയും കുട്ടികളുടെ എണ്ണത്തിന് അനുസരിച്ചും നിശ്ചയിക്കുന്ന സ്ഥലത്തിന് അനുസരിച്ചും, പി.ടി.എ., എസ്.ആർ.ജി.

## പ്രവർത്തനം 6

**ഉപമേഖല:- ലൈബ്രറി ശാക്തീകരണം**

**ലക്ഷ്യം**

എല്ലാ കുട്ടികൾക്കും വായനയോടുള്ള ആഭിമുഖ്യം വളർത്തുന്നതിനും നല്ല വായന പ്രോത്സാഹിപ്പിക്കുന്നതിനും. നല്ല പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നതിനും ജീവിത നൈപുണി വികസിപ്പിക്കുന്നതിനും.

**പ്രവർത്തനങ്ങൾ**

- ❖ ലൈബ്രറി പുസ്തകങ്ങൾ തരംതിരിച്ച് വെയ്ക്കുന്നതിനുള്ള സംവിധാനം ഒരുക്കൽ
- ❖ എല്ലാ കുട്ടികൾക്കും ഇരുന്ന് വായിക്കുന്നതിനുള്ള സംവിധാനം ഒരുക്കൽ.
- ❖ നിലവാരത്തിനനുസരിച്ച് ലൈബ്രറി പുസ്തകങ്ങൾ തരംതിരിക്കൽ
- ❖ ഓരോ ക്ലാസിലേക്കും ആവശ്യമായ പുസ്തകങ്ങൾ വാങ്ങൽ
- ❖ ഇംഗ്ലീഷ്, മലയാളം ഡിഷ്നറി (എല്ലാ ക്ലാസുകളിലേക്കും) ഹിന്ദി ഡിഷ്നറി യു.പി. ക്ലാസുകളിൽ
- ❖ റഫറൻസ് പുസ്തകങ്ങൾ (എല്ലാ വിഷയങ്ങൾക്കും) ഉറപ്പുവരുത്തുക.
- ❖ കുട്ടികളിൽ ദീർഘ വീക്ഷണങ്ങൾ ഉണ്ടാകുന്ന പുസ്തകങ്ങൾക്ക് പ്രാധാന്യം.

**കാലം**

ദീർഘകാലം

**ചുമതല**

എസ്.ആർ.ജി. ക്ലാസ് ടീച്ചേഴ്സ്, എച്ച്.എം. മുനിസിപ്പാലിറ്റി

**സാമ്പത്തികം**

സംവിധാനങ്ങൾ ഒരുക്കുന്നതിന്, പുസ്തകം വാങ്ങുന്നതിന് 1 1/2 ലക്ഷം രൂപ, മുനിസിപ്പാലിറ്റി. എസ്.എസ്.എ., പൂർവ്വാധ്യാപക-വിദ്യാർത്ഥികൾ

**പ്രവർത്തനം 7**

**ഉപമേഖല:- സെമിനാറുകൾ**

**ലക്ഷ്യം**

ഏതൊരു വിഷയത്തെക്കുറിച്ചും വിവരശേഖരണം നടത്തുന്നതിനും അപഗ്രഥിച്ച് ക്രോഡീകരണത്തിലെത്തിച്ചേരുന്നതിനുള്ള ശേഷി വികസിപ്പിക്കൽ.

**പ്രവർത്തനങ്ങൾ**

- സെമിനാറിനുള്ള ആനുകാലിക വിഷയങ്ങൾ കണ്ടെത്തുന്നു. (പാഠപുസ്തക അധിഷ്ഠിത വിഷയങ്ങൾ ക്ലാസ് റൂം പ്രവർത്തനത്തിന്റെ ഭാഗമായി നടപ്പിലാക്കുന്നു.)
- സെമിനാറിനാവശ്യമായ പുസ്തകങ്ങൾ, സി ഡി കൾ മറ്റ് ആവശ്യ സാമഗ്രികൾ സംഘടിപ്പിക്കുക.
- അവതരണം ഏതുരീതിയിൽ എന്ന് തീരുമാനിക്കുന്നു. (സ്ലൈഡ് ഷോ പ്രസന്റേഷൻ എക്സെട്രാ)
- അവതരണം, സെമിനാർ റിപ്പോർട്ട്

**കാലം**

വർഷത്തിൽ 3 തവണ

**ചുമതല**

എസ്. ആർ. ജി. , ക്ലാസ് ടീച്ചേഴ്സ്

**സാമ്പത്തികം**

2500 രൂപ, എസ്.ആർ.ജി., പി.ടി.എ.

**പ്രവർത്തനം 8**

**ഉപമേഖല:- ദിനാചരണം**

**ലക്ഷ്യം**

ഒരു വർഷത്തെ പ്രധാനപ്പെട്ട ദിവസങ്ങളുടെ പ്രാധാന്യം അറിയുന്നതിനും കൂടുതൽ അറിവ് നേടുന്നതിനും, സാമൂഹ്യബന്ധം നിലനിർത്തുന്നതിനും.

**പ്രവർത്തനങ്ങൾ**

- അധ്യാപകരുടെയും കുട്ടികളുടെയും പൂർണ്ണ പങ്കാളിത്തം.

- ദേശീയ ദിനാചരണങ്ങളിൽ രക്ഷിതാക്കളുടെയും ജനപ്രതിനിധികളുടെയും നിറ സാന്നിദ്ധ്യം ഉറപ്പുവരുത്തുക.
- ഓരോ ദിവസത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് കണ്ടെത്തലുകൾ പങ്കുവെയ്ക്കുക.
- അതതു ദിവസവുമായി ബന്ധപ്പെട്ട് കുറിപ്പ്, ക്വിസ്, സെമിനാർ, സ്ലൈഡ് ഷോകൾ, സിനിമ മുതലായവ സംഘടിപ്പിക്കുക.

**കാലം**

വർഷം മുഴുവനും അതാത് ദിനങ്ങളിൽ

**ചുമതല**

സാമൂഹ്യ ശാസ്ത്ര ക്ലബ്, എസ്.ആർ.ജി., എച്ച്.എം.

**സാമ്പത്തികം**

പതിപ്പ് തയ്യാറാക്കുന്നതിനുള്ള ചിലവ്, എസ്.ആർ.ജി., പി.ടി.എ., സ്പോൺസർമാർ

**പ്രവർത്തനം 9**

**ഉപമേഖല:- ഐ.റ്റി. പരിശീലനം**

**ലക്ഷ്യം**

ഐറ്റിയുടെ പ്രാധാന്യം മനസിലാക്കുന്നതിനും പാഠഭാഗങ്ങളിൽ പ്രയോഗിക്കുന്നതിനും ജീവിതത്തിൽ പ്രയോജനപ്പെടുത്തുന്നതിനും.

**പ്രവർത്തനങ്ങൾ**

- 1 മുതൽ 7 വരെ ക്ലാസിലെ കുട്ടികൾക്ക് തന്റെ നിലവാരത്തിന് അനുസരിച്ച് ഇവ മനസിലാക്കാൻ വേണ്ട പ്രവർത്തനങ്ങൾ.
- ഐറ്റി അധിഷ്ഠിതമായ പഠനം
- എല്ലാ കുട്ടികളും ഇംഗ്ലീഷ്, മലയാളം, ടൈപ്പിംഗ്, പരിശീലനം
- രക്ഷിതാക്കൾക്കും സമ്പൂർണ്ണ 'ഇ' സാക്ഷരത
- വിദ്യാലയത്തെ ഒരു അക്ഷയ മാതൃകാസേവന കേന്ദ്രമാക്കി മാറ്റുക.

**കാലം**

വർഷം മുഴുവൻ

**ചുമതല**

എച്ച്.എം., ഐറ്റി ചുമതലകളുള്ള രണ്ട് അധ്യാപകർ, മുനിസിപ്പാലിറ്റി.

സാമ്പത്തികം

50,000 രൂപ, മുനിസിപ്പാലിറ്റി, എസ്.എസ്.എ. പി.ടി.എ.

<u>പ്രവർത്തനം 10</u>

<u>ഉപമേഖല:- പ്രവൃത്തി പരിചയപഠനം</u>

ലക്ഷ്യം

പാഠ്യേതര പ്രവർത്തനങ്ങളിൽ കുട്ടികളുടെ മികവ് വർദ്ധിപ്പിക്കുക. രക്ഷിതാക്കൾക്കും ചെറിയ രീതിയിൽ തൊഴിൽ പരിശീലനം കൊടുക്കുക.

പ്രവർത്തനങ്ങൾ

- ഇപ്പോൾ നൽകി വരുന്ന തൊഴിൽ പരിശീലനം (അഗർബത്തി നിർമ്മാണം, ചോക്ക് നിർമ്മാണം, ബുക്ക് ബൈന്റിംങ്ങ്, ഓഫീസ് ഫയൽ നിർമ്മാണം, എംബ്രോയിഡറി) തുടരുന്നു.
- പുറമേ നിന്നും വിദഗ്ദരായ തൊഴിലാളികളെ കൊണ്ടുവന്ന് കൂടുതൽ പരിശീലനം.
- മെറ്റൽ ഷീറ്റ് വർക്ക് പരിശീലനം
- കാർപെന്ററി പരിശീലനം
- നിത്യേന ഉപയോഗിക്കുന്ന വൈദ്യുത ഉപകരണങ്ങളിലെ കേടുപാടുകൾ തീർക്കുന്നതിനുള്ള പരിശീലനം.
- വീട്ടിലേക്ക് ആവശ്യമുള്ള ചെറിയ വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം.
- പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് കൂടി പ്രയോജനപ്പെടുത്തുക.
- കുട്ടികളെയും കൊണ്ട് ചെറിയ തൊഴിൽ ശാലകൾ സന്ദർശിക്കുക. അവിടെ നടക്കുന്ന പ്രവർത്തനങ്ങൾ കണ്ടുമനസിലാക്കുക.
- ശിൽപശാലകൾ സംഘടിപ്പിക്കുക.
- കുട്ടികൾ നിർമ്മിച്ച വസ്തുക്കളുടെ പ്രദർശനം
- രക്ഷിതാക്കൾക്കും പൊതുജനത്തിനും കാണുന്നതിന് അവസരം

കാലം

വർഷം മുഴുവൻ

ചുമതല

വർക്ക് എസ്പീരിയൻസ് അധ്യാപകൻ, ക്രാഫ്റ്റ് ടീച്ചർ, ക്ലാസ് ടീച്ചേഴ്സ്, എച്ച്.എം. പി.റ്റി.എ.

സാമ്പത്തികം

25000 രൂപ, പൊതുവിദ്യാഭ്യാസവകുപ്പ്, എസ്.എസ്.എ., പി.ടി.എ., പൂർവ്വവിദ്യാർത്ഥികൾ

**പ്രവർത്തനം 11**

**ഉപമേഖല: കായികം**

**ലക്ഷ്യം**

- ❖ കുട്ടികളുടെ കായികശേഷി വർദ്ധിപ്പിക്കൽ
- ❖ ആരോഗ്യം സംരക്ഷിക്കൽ
- ❖ സ്വഭാവ രൂപീകരണം
- ❖ യൂണിറ്റി
- ❖ ഏകാഗ്രത വർദ്ധിപ്പിക്കൽ
- ❖ പഠനത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കൽ

**പ്രവർത്തനങ്ങൾ**

- ❖ സ്കൂൾ അസംബ്ലി ശക്തിപ്പെടുത്തുക.
- ❖ മാസ് പി.റ്റി.എ കൾ നടത്തുന്നു
- ❖ രാവിലെ തന്നെ കായിക ഇനങ്ങളിൽ മികവു പുലർത്തുന്നവർക്ക് പ്രത്യേക പരിശീലനം
- ❖ ഒരു അത്‌ലെറ്റിക് ടീം രൂപീകരിക്കുന്നു.
- ❖ ബാറ്റ്മിന്റണിൽ പ്രത്യേക പരിശീലനം
- ❖ യോഗ, കരാട്ടേ എന്നിവയിൽ പരിശീലനം

**കാലം**

അധ്യായന ദിവസങ്ങളിൽ

**ചുമതല**

കായികാധ്യാപകൻ, എച്ച്.എം. അധ്യാപകർ.

**സാമ്പത്തികം**

50000 രൂപ, മുനിസിപ്പാലിറ്റി, എസ്.എസ്.എ., പൊതുവിദ്യാഭ്യാസവകുപ്പ്, സ്പോൺസർമാർ

**പ്രവർത്തനം 12**

**ഉപമേഖല:- പച്ചക്കറിത്തോട്ടം**

**ലക്ഷ്യം**

- ❖ കുട്ടികളിൽ കാർഷിക സംസ്കാരം വളർത്തിയെടുക്കുക.
- ❖ വിഷരഹിത പച്ചക്കറി സ്കൂളിലും വീട്ടിലും ഉപയോഗിക്കേണ്ടതിന്റെ ആവശ്യം ബോധ്യപ്പെടുത്തുക.

- ആരോഗ്യ സംരക്ഷണത്തിന്, രോഗങ്ങൾ തടയുന്നതിന്, ഇവ ആവശ്യം എന്ന ബോധ്യം വളർത്തിയെടുക്കുക.
- സ്കൂളിലെ ആവശ്യത്തിന് പച്ചക്കറികൾ ഉത്പാദിപ്പിക്കുക.
- കുറഞ്ഞ സ്ഥലത്ത് വീട്ടിലും കൃഷി ചെയ്യുന്നതിന് താൽപര്യം ജനിപ്പിക്കുക.
- അധ്വാനശീലം വളർത്തിയെടുക്കുക.
- നൂതന കൃഷിരീതികൾ പരിചയപ്പെടുന്നു.

**പ്രവർത്തനങ്ങൾ**

- നിലവിലെ കൃഷി സ്കൂൾ പരിസരം ഉപയോഗപ്പെടുത്തി വ്യാപിപ്പിക്കുന്നു.
- ഉച്ചഭക്ഷണത്തിന് ആവശ്യമായ വാഴ, ചേന, ചേമ്പ്, കപ്പ, ഇഞ്ചി, മഞ്ഞൾ, പപ്പായ, കാന്താരി, തുടങ്ങിയവ ആവശ്യമായ അളവിൽ കൃഷി ചെയ്യുന്നു.
- ജൈവ കൃഷിരീതിയിൽ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.
- നൂതന കൃഷിരീതിയിൽ പരിചയപ്പെടുത്തുന്നതിന് ആവശ്യമായ വികസന പ്രവർത്തനങ്ങൾ സ്കൂൾ ഏറ്റെടുക്കേണ്ടിയിരിക്കുന്നു.
- (ഉദാ. മഴമറ, അക്വാപോണിക്, ട്രിപ് ഇറിഗേഷൻ)

**കാലം**

വർഷം മുഴുവൻ

**ചുമതല**

എച്ച്.എം., അധ്യാപകർ, തിരഞ്ഞെടുത്ത വിദ്യാർത്ഥികൾ, കാർഷിക ക്ലബ് അംഗങ്ങൾ

**സാമ്പത്തികം**

കൃഷിവകുപ്പ്, മുനിസിപ്പാലിറ്റി, പി.ടി.എ., സ്പോൺസർഷിപ്പ്

## പ്രവർത്തനം 13

**ഉപമേഖല:- ആരോഗ്യം/മെഡിക്കൽ ക്യാമ്പ്**

**ലക്ഷ്യം**

- ആരോഗ്യമുള്ള തലമുറയെ വളർത്തിയെടുക്കുക.
- സ്കൂളുമായി ഇടപെടുന്നവരെയും ആരോഗ്യബോധമുള്ളവരാക്കിത്തീർക്കുക.

**പ്രവർത്തനങ്ങൾ**

- ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ മെഡിക്കൽ ക്യാമ്പ് കുട്ടികൾക്കും പൊതുജനത്തിനും (ആയുർവ്വേദം, അലോപ്പതി, ഹോമിയോ മറ്റുള്ളവ)

- എല്ലാ മാസവും ഹെൽത്ത് കൗൺസിലിംഗ്
- പകർച്ച വ്യാധികൾ തടയാൻ പ്രതിരോധ മരുന്നുകൾ ലഭ്യമാക്കൽ
- എല്ലാ കുട്ടികൾക്കും ഹെൽത്ത് കാർഡ്

**കാലം**

വർഷത്തിൽ 2 പ്രാവശ്യം

**ചുമതല**

ഹെൽത്ത് ക്ലബ്, എച്ച്.എം., പി.ടി.എ.

**സാമ്പത്തികം**

25000 രൂപ, മുനിസിപ്പാലിറ്റി, പി.റ്റി.എ., ആരോഗ്യവകുപ്പ്

## പ്രവർത്തനം 14

**ഉപമേഖല: വ്യക്തിത്വ വികസനം, മാനസികാരോഗ്യം**

**ലക്ഷ്യം**

- കുട്ടികളിലും രക്ഷിതാക്കളിലും പൊതുസമൂഹത്തിലും ആത്മവിശ്വാസം വർദ്ധിപ്പിക്കുക.

**പ്രവർത്തനങ്ങൾ**

- സാമൂഹ്യക്ഷേമവകുപ്പിന്റെ സഹായത്തോടെ ഒരു കൗൺസിലറുടെ സേവനം ഉപയോഗപ്പെടുത്തുക.
- കുട്ടികളുടെ പ്രശ്നങ്ങൾ കണ്ടെത്തുക.
- പരിഹരിക്കുന്നതിന് വ്യക്തിഗത കൗൺസിലിംഗും ഗ്രൂപ്പ് കൗൺസിലിംഗും
- രക്ഷിതാക്കൾക്ക് കൗൺസിലിംഗ്
- പരിഹാര പ്രവർത്തനങ്ങൾ
- വ്യക്തിഗത വികസന ക്ലാസുകൾ, ആത്മവിശ്വാസം വളർത്തുക, കഴിവുകളിൽ സ്വയം ബോധ്യം
- ജീവിത നൈപുണി ക്ലാസുകൾ
- പിന്നോക്ക അവസ്ഥയിൽ നിന്നും ഉന്നതിയിൽ എത്തിച്ചേർന്നവരുമായി അഭിമുഖം. (സാമ്പത്തികം, സാമൂഹ്യം, മുതലായവ)

**കാലം**

വർഷം മുഴുവൻ

ചുമതല

ഹെൽത്ത് ക്ലബ് , എച്ച്.എം. അധ്യാപകർ

സാമ്പത്തികം

25000 രൂപ, പി.റ്റി.എ., ആരോഗ്യവകുപ്പ്, സാമൂഹ്യക്ഷേമവകുപ്പ്

## പ്രവർത്തനം 15

### ഉപമേഖല:- സാമൂഹ്യ സേവനം

ലക്ഷ്യം

- സാമൂഹ്യ സേവന പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കുക.
- സമൂഹത്തിൽ അവശത അനുഭവിക്കുന്നവരെ നാം സഹായിക്കേണ്ടതാണ് എന്ന ബോധ്യം വളർത്തുക.
- സമൂഹത്തിൽ ക്രിയാത്മക ഇടപെടലുകൾ നടത്തുക.
- നാം സമൂഹത്തിന്റെ ഭാഗമാണ് എന്ന തിരിച്ചറിവ് വളർത്തുക.

പ്രവർത്തനങ്ങൾ

- തങ്ങളുടെ സ്വന്തം ചിലവിനായി ലഭിക്കുന്ന തുകയിൽ നിന്ന് മിച്ചം പിടിച്ച് ഒരു ചെറിയ തുക എല്ലാ ദിവസവും ശേഖരിക്കുക.
- ലഭിക്കുന്ന തുക ഉപയോഗിച്ച് ഏറ്റവും അവശത അനുഭവിക്കുന്നവരെ സഹായിക്കുക.
- സ്കൂളിന്റെ പരിസര പ്രദേശത്ത് ഉള്ള പൊതു സ്ഥലം വൃത്തിയാക്കുക.
  (ഉദാ. ആശുപത്രി, ബസ്സ്റ്റാന്റ്)
- അവശത അനുഭവിക്കുന്നവർ പാർക്കുന്ന സ്ഥലങ്ങൾ സന്ദർശിക്കുക.
- ഇത്തരം സ്ഥാപനങ്ങളിൽ എത്തുമ്പോൾ ഒരു നേരത്തെ ഭക്ഷണം കൊടുക്കുക.

കാലം

2 മാസത്തിൽ ഒരിക്കൽ

ചുമതല

എച്ച്.എം., സോഷ്യൽ സർവ്വീസ് ക്ലബ് അംഗങ്ങൾ

സാമ്പത്തികം

20000 രൂപ, പി.റ്റി.എ. കുട്ടികൾ, പൊതുസമൂഹം

## പ്രവർത്തനം 16

**ഉപമേഖല:- ജനാധിപത്യ നേതൃത്വം**

**ലക്ഷ്യം**

- ജനാധിപത്യ ശീലങ്ങളായ നേതൃത്വശേഷി, പരസ്പര ബഹുമാനം, പൊതുനന്മയ്ക്കു വേണ്ടി ഒന്നിച്ചു പ്രവർത്തിക്കൽ, തിന്മകളോടും, വിവേചനങ്ങളോടും, നിലപാടു സ്വീകരിക്കൽ, എന്നിവ പരിഗണിക്കുന്ന വിദ്യാലയം രൂപപ്പെടുത്തുക.
- ലഹരി വിരുദ്ധ പ്രവർത്തനം, മാലിന്യ സംസ്കരണം, പരിസ്ഥിതി പ്രവർത്തനം, സാമൂഹിക സേവനം ദിനാചരണങ്ങൾ, സാംസ്കാരിക പ്രവർത്തനങ്ങൾ എന്നിവയ്ക്ക് നേതൃത്വം കൊടുക്കുക.
- ജനായത്ത വിദ്യാലയസങ്കൽപം വികസിപ്പിച്ച് സ്കൂൾ പാർലമെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുക.
- നേതൃത്വ പാടവം വളർത്തിയെടുക്കുക.
- അടിയന്തര സാഹചര്യങ്ങളെ നേരിടുന്നതിനുള്ള പരിശീലന കളരിയായി സ്കൂൾ പാർലമെന്റ് വളരുക.
- സ്ത്രീ പുരുഷ സമത്വം, മതേതരത്വം മാനവികത എന്നിവ സ്വാംശീകരിക്കുന്ന വേദിയാകുക പാർലമെന്റ്.
- നേതൃത്വ പരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കുക.
- ക്ലബ് പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക.

**പ്രവർത്തനങ്ങൾ**

- സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് ജൂലൈ മാസത്തിൽ
- അംഗങ്ങൾ എല്ലാ ക്ലാസ് ലീഡർമാരും
- മന്ത്രി സഭ രൂപീകരണം
- വകുപ്പ് വിഭജനം (പ്രസിഡന്റ്, പ്രധാനമന്ത്രി, മന്ത്രിമാർ, സ്പീക്കർ)
- സ്കൂളിലെ പ്രവർത്തനങ്ങൾ വിവിധ മന്ത്രിമാർക്ക് ചുമതല, അവരുടെ നേതൃത്വത്തിൽ പ്രവർത്തനം.
- തിരഞ്ഞെടുപ്പിൽ സ്ത്രീ പുരുഷ അനുപാതം നിലനിർത്തണം
- മാസത്തിൽ രണ്ട് പ്രാവശ്യം പാർലമെന്റ് ചേരുന്നു എന്ന് ഉറപ്പുവരുത്തുന്നു.
- പ്രവർത്തനങ്ങൾ വിലയിരുത്തുന്നു.
- പത്രസമ്മേളനം

- റിപ്പോർട്ട് പ്രദർശനം

**കാലം**

വർഷത്തിൽ ഒരിക്കൽ തെരഞ്ഞെടുപ്പ്, 2 മാസത്തിൽ ഒരിക്കൽ പാർലമെന്റ് സമ്മേളനം

**ചുമതല**

എച്ച്.എം. ക്ലാസ്സ് ടീച്ചേഴ്സ്, എസ്.ആർ.ജി.

**സാമ്പത്തികം**

500 രൂപ, എസ്.ആർ.ജി.

## പ്രവർത്തനം 17

**ഉപമേഖല:- ലഹരി വിരുദ്ധ മനോഭാവം വളർത്തുക**

**ലക്ഷ്യം**

- ലഹരിയുടെ ഉപയോഗം പുതു തലമുറയിൽ നിന്ന് ഒഴുവാക്കുക.
- ജനകീയ സഹകരണത്തോടെ സ്കൂൾ പരിസരത്തു നിന്നും മദ്യം, മയക്കുമരുന്ന് എന്നിവയുടെ ലഭ്യത ഒഴുവാക്കുക.
- മദ്യപാനം, മയക്കുമരുന്ന് തുടങ്ങിയവ വ്യക്തികളേയും കുടുംബത്തെയും, സമൂഹത്തെയും എങ്ങനെ ബാധിക്കുന്നുവെന്ന് കണ്ടെത്തുക. പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുക.

**പ്രവർത്തനങ്ങൾ**

- ലഹരിയുടെ ദൂഷ്യങ്ങൾ മനസിലാക്കുന്ന തരത്തിലുള്ള ക്ലാസുകൾ കുട്ടികൾക്കും, രക്ഷിതാക്കൾക്കും വിദ്യാലയ സമൂഹത്തിനും സംഘടിപ്പിക്കുക.
- ലഹരിയുടെ ദൂഷ്യങ്ങൾ അവതരിപ്പിക്കുന്ന സിനിമകൾ, ഷൂട്ട് ഫിലിം എന്നിവ പ്രദർശിപ്പിക്കുന്നു.
- സ്കൂൾ പരിസരത്ത് ലഹരിയുടെ വിൽപനയും ഉപയോഗവും ഉണ്ടെങ്കിൽ കണ്ടെത്തുക. ഇല്ലാതാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.
- തങ്ങളുടെ വീട്ടിലും അയൽവീടുകളിലും ലഹരി ഉപയോഗം ഉണ്ടെങ്കിൽ കണ്ടെത്തുക.
- ബോധവത്കരണപ്രവർത്തനങ്ങൾ ഏറ്റെടുക്കുക.
- മദ്യത്തിനും മയക്കുമരുന്നിനും എതിരെ പോസ്റ്ററുകൾ പ്രചരിപ്പിക്കുക.
- ലഹരിക്ക് എതിരെ സ്കൂൾ പരിസരം കേന്ദ്രീകരിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക. (നാടകം, കവിത, മൈം, ലഹരിവിരുദ്ധ നൃത്തഗാനാവതരണം)

- ലഘുരേഖകൾ നിർമ്മിച്ച് വിതരണം നടത്തുന്നു.
- പോലീസ്, എക്സൈസ് എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തുക.

**കാലം**

വർഷത്തിൽ 2 തവണ

**ചുമതല**

എച്ച്.എം. ക്ലാസ് ടീച്ചേഴ്സ്, പി.റ്റി.എ., സന്നദ്ധസംഘടനകൾ, പൂർവ്വവിദ്യാർത്ഥികൾ

**സാമ്പത്തികം**

5000 രൂപ, പി.ടി.എ., സന്നദ്ധസംഘടനകൾ

## പ്രവർത്തനം 18

**ഉപമേഖല:- മാലിന്യ സംസ്കരണം**

**ലക്ഷ്യം**

- പ്ലാസ്റ്റിക് മുക്ത, കീടനാശിനി മുക്ത വിദ്യാലയം
- പ്ലാസ്റ്റിക് ഉൽപന്നങ്ങൾ, വീട്ടിലെ പ്ലാസ്റ്റിക് എന്നിവ ശേഖരിച്ച് സംസ്കരിക്കുക.
- ജൈവ, അജൈവ മാലിന്യങ്ങൾ വേർതിരിച്ച് നിക്ഷേപിക്കുന്നതിന് ശീലിക്കുക, ഇത് ജീവിത രീതിയാക്കുക.
- ഇതിനുള്ള സംവിധാനം കാമ്പസിൽ നിർമ്മിക്കുക.
- കീടനാശിനി പ്രയോഗം, മാലിന്യ സംസ്കരണം എന്നിവയെക്കുറിച്ച് പ്രചരണ പരിപാടികൾ സംഘടിപ്പിക്കുക.
- ജലപരിശോധന (സ്കൂളിലും വീട്ടിലും)

**പ്രവർത്തനങ്ങൾ**

- ജൈവം, അജൈവം അപകടകരം എന്നിങ്ങനെ മാലിന്യങ്ങളെ സംസ്കരിക്കുന്നതിനുള്ള സംവിധാനം നിർമ്മിക്കുക.
- ക്ലാസ്മുറികൾ/സ്കൂൾ കെട്ടിടങ്ങൾ കേന്ദ്രീകരിച്ച് ശേഖരണ പാത്രങ്ങൾ സ്ഥാപിക്കുക.
- പ്ലാസ്റ്റിക് കവറുകൾ, ഉൽപന്നങ്ങൾ എന്നിവ ശേഖരിക്കുക. പുനരുപയോഗ ശേഷിയുള്ളവ അല്ലാത്തവ എന്നിങ്ങനെ
- ശേഖരിച്ചവ ഏജൻസികൾക്ക് കൈമാറുക.
- അജൈവ മാലിന്യങ്ങൾ വളമാക്കി മാറ്റുക. ഇവ ഉപയോഗിച്ച് കൃഷി ചെയ്യുക.

- കീടനാശിനി പ്രയോഗം, മാലിന്യ സംസ്കരണം എന്നിവയെക്കുറിച്ച് പോസ്റ്ററുകൾ, മറ്റ് പ്രചരണ പരിപാടികൾ എന്നിവ സംഘടിപ്പിക്കുക.
- സ്കൂളിലേയും വീട്ടിലെയും ജലപരിശോധന നടത്തുക.
- ജല ശുദ്ധീകരണ പരിപാടികൾ കണ്ടെത്തുകയും അവ ഉപയോഗിക്കുകയും ചെയ്യുക.

**കാലം**

വർഷം മുഴുവൻ

**ചുമതല**

എച്ച്.എം. ടീച്ചേഴ്സ്, പി.റ്റി.എ. ജല അതോറിട്ടി

**സാമ്പത്തികം**

5000 രൂപ, പി.റ്റി.എ., മുനിസിപ്പാലിറ്റി, എസ്.എസ്.എ.

## പ്രവർത്തനം 19

**ഉപമേഖല:- ജൈവവൈവിധ്യപാർക്ക്**

**ലക്ഷ്യം**

- കാമ്പസ് ഒരു പാഠപുസ്തകം എന്ന കാഴ്ചപ്പാടിൽ വിദ്യാലയ പരിസരം ജൈവ വൈവിധ്യ ഉദ്യാനമാക്കുക.
- പഠനത്തെ പരിസര ബന്ധിയും ജീവിത ഗന്ധിയുമാക്കാൻ ആവാസ പരിസര സാധ്യതകൾ പ്രയോജനപ്പെടുത്തുക.
- കുട്ടികൾക്കും, രക്ഷിതാക്കൾക്കും, പൊതുസമൂഹത്തിനും ഉതകുന്ന ജൈവ ലൈബ്രറി നിർമ്മിക്കുക.

**പ്രവർത്തനങ്ങൾ**

- ഒന്നു മുതൽ 7 വരെ ക്ലാസ്സിൽ കടന്നുപോകുന്ന എല്ലാ സസ്യങ്ങളും സ്കൂൾ വളപ്പിൽ ഉണ്ടെന്ന് ഉറപ്പുവരുത്തുന്നു.
- കൂടാതെ ഔഷധസസ്യങ്ങൾ, നക്ഷത്രവനം, ഫലവൃക്ഷങ്ങൾ എന്നിവ ഉറപ്പുവരുത്തുന്നു.
- എല്ലാ സസ്യങ്ങൾക്കും വൃക്ഷങ്ങൾക്കും ബോർഡുകൾ സ്ഥാപിക്കുന്നു. (ശാസ്ത്രനാമം, സസ്യം അറിയപ്പെടുന്ന പേര്, വിവരണം)
- കുട്ടികളുടെ വിശ്രമ സ്ഥലം വള്ളിക്കുടിൽ ആക്കിത്തീർക്കുന്നു.
- ഊഞ്ഞാൽ, സീസോ എന്നിവ നവീകരിക്കുന്നു.

- ഇന്ത്യയുടെ മാപ്പ് നവീകരിച്ച് സംസ്ഥാനങ്ങൾ അടയാളപ്പെടുത്തി നാഷണൽ പാർക്കുകൾ പോയിന്റ് ചെയ്യുന്നു.
- ഗ്ലോബ് നവീകരിക്കുന്നു
- പാർക്കിൽ ആവശ്യത്തിന് ഇരിപ്പിടം നിർമ്മിക്കുന്നു.
- പാർക്കിലെ കുളം നവീകരിക്കുന്നു.
- പാർക്കിലേക്ക് നടപ്പുവഴി നിർമ്മിക്കുന്നു.
- ശലഭപാർക്ക് നിർമ്മാണം പൂർത്തീകരിക്കുന്നു.
- ഊട്ടുപുരയുടെ അടുത്തുള്ള കുളം മോടി പിടിപ്പിച്ച് ആവാസവ്യവസ്ഥ നിർമ്മിക്കുന്നു. ചുറ്റും പുല്ല് കൊണ്ട് മോടിപിടിപ്പിക്കുന്നു.
- ജൈവവേലി നിർമ്മിക്കുന്നു.
- ജൈവ പാർക്കിലേക്ക് ആവശ്യത്തിന് ജലം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.
- സ്കൂൾ മുറ്റത്തുള്ള ആൽത്തറയിൽ രണ്ട് നിർമ്മിത കുളങ്ങൾ ഒരുക്കുന്നു. പായൽ ചെറു മത്സ്യങ്ങൾ എന്നിവ നിക്ഷേപിക്കുന്നു.
- കുളത്തിൽ, ജലത്തിൽ വളരുന്ന സസ്യങ്ങളും ചെടികളും ഉറപ്പുവരുത്തുന്നു.

**കാലം**

വർഷം മുഴുവൻ

**ചുമതല**

ജൈവവൈവിധ്യ ചാർജ്, അദ്ധ്യാപകൻ, ക്ലാസ്ടീച്ചേഴ്സ്, എച്ച്.എം. പി.റ്റി.എ. സോഷ്യൽ ഫോറസ്റ്റ്, ജൈവവൈവിധ്യ ബോർഡ്, മുനിസിപ്പാലിറ്റി, എസ്.എസ്.എ. പൊതു വിദ്യാഭ്യാസ വകുപ്പ്.

**സാമ്പത്തികം**

1,00,000 രൂപ, പി.ടി.എ., സോഷ്യൽ ഫോറസ്റ്റ്, ജൈവവൈവിധ്യ ബോർഡ്, മുനിസിപ്പാലിറ്റി, എസ്.എസ്.എ. പൊതു വിദ്യാഭ്യാസ വകുപ്പ്.

## പ്രവർത്തനം 20

**ഉപമേഖല:- കലകളുടെ വികസനം, പ്രതിഭാ പോഷണം**

**ലക്ഷ്യം**

കുട്ടികളുടെ താൽപര്യവും കഴിവും അനുസരിച്ച് തങ്ങളുടെ കഴിവിനെ വികസിപ്പിക്കുന്നതിനും ജീവിത വിജയം നേടുന്നതിനും പ്രാപ്തരാക്കിതീർക്കുക.

**പ്രവർത്തനങ്ങൾ**

- കുട്ടികളിലെ കഴിവുകൾ കണ്ടെത്തി വേണ്ട പരിശീലനം കൊടുക്കുന്നു.
- പ്രസംഗം, സംഗീതം, ചിത്രരചന, ക്രാഫ്റ്റ്, അഭിനയം, മോണോആക്ട് തുടങ്ങിയവയ്ക്ക് പ്രത്യേക പരിശീലനം.
- വിദഗ്ധരുടെ ക്ലാസുകൾക്ക് അവസരം കൊടുക്കുന്നു.

**കാലം**

വർഷം മുഴുവൻ

**ചുമതല**

സംഗീതം, ചിത്രരചന അധ്യാപകർ, എച്ച്.എം., പി.റ്റി.എ.

**സാമ്പത്തികം**

5000 രൂപ, പി.റ്റി.എ., എസ്.എസ്.ആർ.ജി., സന്നദ്ധസംഘടനകൾ

## പ്രവർത്തനം 21

**ഉപമേഖല: ഹിന്ദി പരിപോഷണം**

**ലക്ഷ്യം**

എല്ലാ കുട്ടികൾക്കും (യു.പി. തലം) ഹിന്ദിഭാഷ ഫലപ്രദമായി വായിക്കാനും എഴുതുവാനും സംസാരിക്കാനുമുള്ള കഴിവ് വികസിപ്പിക്കൽ.

**പ്രവർത്തനങ്ങൾ**

- പഠനനിലവാരം കണ്ടെത്തുന്നു.
- പരിമിതികൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ/വികസിപ്പിക്കൽ/ശേഖരിക്കൽ.
- ഹിന്ദി സിനിമകളും, സംഭാഷണങ്ങളും കേൾക്കുന്നതിനും, കണ്ടെത്തുന്നതിനും അവസരം ഉണ്ടാക്കുന്നു.
- ചിത്രങ്ങൾ സഹിതം വാക്കുകൾ, പ്രദർശിപ്പിക്കുന്നു, വായിക്കുന്നു, എഴുതുന്നു.
- ചെറിയ കഥകൾ ക്ലാസിൽ വായിക്കാൻ അവസരം

- ഹിന്ദി പത്രം
- ഹിന്ദി കോർണർ
- ഹിന്ദി അസംബ്ലി
- ചിത്രക്കാർഡുകൾ നിർമ്മിക്കുന്നു.
- ഹിന്ദിയിൽ സംസാരിക്കാൻ അവസരം
- ഹിന്ദി ഡയറിക്കുറിപ്പുകൾ
- സ്വയം നിർമ്മിക്കുന്ന ചിത്രകാർഡുകൾ വാക്കുകൾ, വാക്യങ്ങൾ, കഥകൾ, കവിതകൾ എന്നിവ ചേർത്ത് പതിപ്പ്.
- നിലവാരം ഉള്ളവ പ്രദർശിപ്പിക്കുന്നു. അസംബ്ലിയിൽ അവതരിപ്പിക്കുന്നു. പ്രസിദ്ധീകരിക്കുന്നു.

**കാലം**

വർഷം മുഴുവൻ

**ചുമതല**

എസ്.ആർ.ജി. ഹിന്ദി അധ്യാപകൻ, എച്ച്.എം.

**സാമ്പത്തികം**

ഓരോ ക്ലാസിനും 1500 രൂപ വീതം, എസ്.ആർ.ജി., പി.ടി.എ., എസ്.എസ്.എ.

## പ്രവർത്തനം 22

**ഉപമേഖല:- അടിസ്ഥാന ശാസ്ത്രം/പരിസരപഠനം**

**ലക്ഷ്യം**

- ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്രാഭിരുചി വളർത്തുന്നതിനും ശാസ്ത്ര സത്യങ്ങൾ മനസിലാക്കി ജീവിതത്തിൽ പ്രവർത്തികമാക്കുന്നതിനും.
- പരീക്ഷണങ്ങൾ വ്യക്തിഗതമായി ചെയ്ത് നിഗമനത്തിലെത്തുന്നതിന്
- നിരീക്ഷണ പാടവം ചെറുപ്പം മുതൽ വളർത്തിയെടുക്കുക.
- ശാസ്ത്ര ലാബിനെ ആധുനികവൽകരിക്കുന്നു.

**പ്രവർത്തനങ്ങൾ**

- പരീക്ഷണ കോർണറിൽ ലഘു പരീക്ഷണങ്ങളുടെ നിർദ്ദേശങ്ങൾ പ്രദർശിപ്പിക്കുന്നു.
- ലഘു പരീക്ഷണങ്ങൾ എൽ.പി., യു.പി. തലത്തിൽ നിശ്ചയിച്ച് വേർതിരിക്കുന്നു.
- ലഘുപരീക്ഷണങ്ങൾ കുട്ടികൾ സ്വയം ചെയ്യുന്നു. നിഗമനത്തിൽ എത്തുന്നു.
- പരീക്ഷണ കുറിപ്പ് എഴുതുന്നു.

- ശാസ്ത്രമൂല ഓരോ ക്ലാസിലും ഒരുക്കുന്നു.
- ജൈവവൈവിധ്യ പാർക്കിലെ സസ്യങ്ങളെ മറ്റ് ജിവികളെ നിരീക്ഷിക്കുന്നു. അവയുടെ പ്രത്യേകതകൾ കണ്ടെത്തുന്നു. നിഗമനങ്ങൾ രൂപീകരിക്കുന്നു.
- ശാസ്ത്ര ലാബിൽ ആധുനിക രീതിയിലുള്ള മാറ്റങ്ങൾ വരുത്തുന്നു.
- എല്ലാ കുട്ടികൾക്കും പരീക്ഷണത്തിലേർപ്പെടുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുന്നു.

കാലം

വർഷം മുഴുവൻ

ചുമതല

ശാസ്ത്ര അധ്യാപകൻ, എച്ച്.എം., പി.റ്റി.എ. മുനിസിപ്പാലിറ്റി, എസ്.എസ്.എ.

സാമ്പത്തികം

150000 രൂപ (ശാസ്ത്ര ലാബ് ആധുനിക വൽകരിക്കുന്നതിന്) മുനിസിപ്പാലിറ്റി, എസ്.എസ്.എ., പി.ടി.എ., സ്പോൺസർഷിപ്പ്

## പ്രവർത്തനം 23

ഉപമേഖല:- ഗണിതശാസ്ത്രം

ലക്ഷ്യം

- ഗണിതശാസ്ത്ര ആശയങ്ങൾ കുട്ടികളിൽ ഉറപ്പിക്കുക.
- പസിലുകൾ, ഗെയിമുകൾ, സംഖ്യ പാറ്റേൺ, ജ്യോമെട്രിക്കൽ പാറ്റേൺ എന്നിവയിൽ കൂടുതൽ അിറവും താൽപര്യവും ജനിപ്പിക്കുക.
- വിശ്രമവേളകൾ ആനന്ദപ്രദമായി ഉപയോഗിക്കുന്നതിന് ഗണിതാശയങ്ങൾ ഉപയോഗിക്കുക.
- കളികളെ ഗണിതാശയങ്ങളുമായി ബന്ധപ്പെടുത്തുക.

പ്രവർത്തനങ്ങൾ

- പസിലുകൾ, ഗെയിമുകൾ, സംഖ്യ പാറ്റേൺ, ജ്യോമെട്രിക്കൽ പാറ്റേൺ തുടങ്ങിയവ ഓരോ ദിവസവും മാറി മാറി കുട്ടികൾ ചെയ്തു നോക്കുന്നതിനും ഉത്തരം കണ്ടെത്തുന്നതിനും വേണ്ടി പ്രദർശിപ്പിക്കുന്നു.
- കുട്ടികൾ ഉത്തരങ്ങൾ കണ്ടെത്തുന്നു. പ്രദർശിപ്പക്കുന്നു.
- തങ്ങൾ ഏർപ്പെടുന്ന കളികളെ ഗണിതാശയങ്ങളുമായി ബന്ധപ്പെടുത്തി ചെയ്യുന്നതിന്, കണ്ടെത്തുന്നതിന് അവസരം ഒരുക്കുന്നു.

- ഗണിത ശാസ്ത്ര മൂലകൾ ക്ലാസിൽ സജ്ജീകരിക്കുന്നു.
- ഗണിത ലാബിന് പ്രത്യേക സജ്ജീകരണം ഒരുക്കുന്നു.
- ഗണിത ക്ലാസുകൾ ഗണിത ശാസ്ത്ര ലാബിൽ തന്നെ നടത്തുന്നു.

**കാലം**

വർഷം മുഴുവൻ

**ചുമതല**

ഗണിതശാസ്ത്ര അദ്ധ്യാപകൻ, എച്ച്.എം., എസ്.ആർ.ജി., പി.റ്റി.എ.

**സാമ്പത്തികം**

1,00,000 രൂപ, പി.റ്റി.എ., മുനിസിപ്പാലിറ്റി, എസ്.എസ്.എ. സ്പോൺസർഷിപ്പ്

## പ്രവർത്തനം 24

**ഉപമേഖല:- സാമൂഹ്യ ശാസ്ത്രം**

**ലക്ഷ്യം**

- സാമൂഹ്യശാസ്ത്ര തത്വങ്ങൾ കുട്ടികളിൽ ഉറപ്പിക്കുന്നതിന്.
- പരിസരത്തെ നിരീക്ഷിച്ചും തന്റെ ചുറ്റുപാടും നടക്കുന്നവയെ കണ്ടും, കേട്ടും നിഗമനത്തിൽ എത്തുന്നതിനുള്ള അവസരങ്ങൾ ജനിപ്പിക്കുക.
- സ്കൂളും പരിസരവും സാമൂഹ്യശാസ്ത്ര അവബോധം ജനിപ്പിക്കുന്ന തരത്തിലാക്കി തീർക്കുക.
- സാമൂഹ്യശാസ്ത്ര ലാബ് നവീകരിക്കുക.
- ആകാശ വിസ്മയങ്ങൾ കാണുന്നതിനും ശാസ്ത്ര തത്വങ്ങൾ മനസിലാക്കുന്നതിനും അവസരം ഒരുക്കുക.

**പ്രവർത്തനങ്ങൾ**

- സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.
- പരീക്ഷണങ്ങൾ ചെയ്ത് നോക്കുന്ന തരത്തിലേയ്ക്ക് ശാസ്ത്രലാബിനെ ആധുനികവൽകരിക്കുന്നു.
- കൂടുതൽ മോഡലുകളും ചിത്രങ്ങളും മാപ്പുകളും ലാബിൽ സജ്ജീകരിക്കുന്നു.
- ആനുകാലിക സംഭവവികാസങ്ങൾക്ക് കൂടുതൽ തെളിവ് ലഭിക്കുന്നതിന് സെമിനാറുകൾ സംഘടിപ്പിക്കുന്നു.
- ഭൂമിശാസ്ത്രം പോലുള്ള സംജ്ഞകൾ മനസിലാക്കുന്നതിന് വിദഗ്ധരുടെ ക്ലാസുകൾ സംഘടിപ്പിക്കുന്നു.

- ❖ സ്കൂൾ അന്തരീക്ഷം സാമൂഹ്യ ശാസ്ത്ര അവബോധം സൃഷ്ടിക്കുന്ന തരത്തിലാക്കുന്നതിന്റെ ഭാഗമായി പർക്കിലുള്ള ഗ്ലോബ് , ഇന്ത്യയുടെ മാപ്പ് എന്നിവ നവീകരിക്കുന്നു.
- ❖ എൽ.പിക്കും, യു.പിക്കും ആനുകാലിക കാര്യങ്ങളെ സംബന്ധിക്കുന്ന ക്വിസ് ചോദ്യങ്ങൾ കൊടുക്കുന്നു.
- ❖ ആകാശ വിസ്മയങ്ങൾ കാണുന്ന തരത്തിലുള്ള വാന നിരീക്ഷണകേന്ദ്രം നിർമ്മിക്കുന്നു.
- ❖ ഇത് മറ്റ് സ്കൂൾ കുട്ടികൾക്കും പൊതുജനത്തിനും അധ്യാപകർക്കും പ്രയോജനപ്പെടുത്തുന്നു.

**കാലം**

വർഷം മുഴുവൻ

**ചുമതല**

സാമൂഹ്യ ശാസ്ത്ര ക്ലബ് അംഗങ്ങൾ

എച്ച്.എം., പി.റ്റി.എ., മുനിസിപ്പാലിറ്റി, എസ്.എസ്.എ.

**സാമ്പത്തികം**

75,000 രൂപ, എസ്.എസ്.എ., മുനിസിപ്പാലിറ്റി, സന്നദ്ധസംഘടനകൾ

## പ്രവർത്തനം 25

**ഉപമേഖല:- എൽ.എസ്.എസ്., യു.എസ്.എസ്., മേളകൾ**

**ലക്ഷ്യം**

- ❖ എൽ.എസ്.എസ്., യു.എസ്.എസ്., എന്നിവയിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് അതിന് ഉതകുന്ന രീതിയിൽ പരിശീലനം.
- ❖ വിവിധ മേളകളിൽ കുട്ടികൾ തങ്ങളുടെ കഴിവുകൾ പ്രദർശിപ്പിക്കുന്നതിന്.

പ്രവർത്തനങ്ങൾ

- ❖ എൽ.എസ്.എസ്., യു.എസ്.എസ്., എന്നിവയിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് ക്ലാസ്റ്റും പഠനത്തിന് അധികം സമയം കൊടുത്ത് പ്രത്യേക പരിശീലനം നൽകുന്നു.
- ❖ അനേകം പഠനാനുഭവങ്ങൾ കൊടുക്കുന്നു.
- ❖ നോട്ടുകൾ, നോട്ടുബുക്കുകൾ എന്നിവയിൽ പ്രത്യേക പരിഗണന നൽകുന്നു.
- ❖ മേളകളിൽ പങ്കെടുക്കുന്ന കുട്ടികളെ സ്കൂൾ തുറക്കുമ്പോൾ തന്നെ തിരഞ്ഞെടുക്കുന്നു.

- ❖ പ്രത്യേക പരിശീലനം നൽകുന്നു.

**കാലം**

നാല്, ഏഴ് ക്ലാസുകൾ കേന്ദ്രീകരിച്ച് വർഷാരംഭം മുതൽ

**ചുമതല**

ക്ലാസ് ചാർജ് അധ്യാപകർ, എച്ച്.എം., എസ്. ആർ.ജി.

**സാമ്പത്തികം**

3000 രൂപ, പി.റ്റി.എ., എസ്.ആർ.ജി.

## പ്രവർത്തനം 26

**ഉപമേഖല:- നിരന്തര മൂല്യ നിർണയം/ടേം മൂല്യ നിർണയം**

**ലക്ഷ്യം**

- ❖ കുട്ടികളുടെ നിലവാരം അടിക്കടി അറിയുന്നതിന് രേഖപ്പെടുത്തുന്നതിന്
- ❖ രേഖപ്പെടുത്തുന്നതിന് അനുസരിച്ച് പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന്
- ❖ പിന്നോക്കക്കാരെ മുന്നിലെത്തിക്കുന്നതിന്

**പ്രവർത്തനങ്ങൾ**

- ❖ ഓരോ ടീച്ചറും തങ്ങളുടെ കുട്ടികളെ നിരന്തര മൂല്യ നിർണയത്തിന് വിധേയരാക്കുന്നു.
- ❖ രേഖപ്പെടുത്തുന്നു.
- ❖ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.
- ❖ അധ്യാപകൻ തന്റെ ഭാഗത്തു നിന്ന് വീഴ്ച വന്നിട്ടുണ്ടോ എന്ന് പരിശോധിക്കുന്നു. തിരുത്തുന്നു.
- ❖ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം.
- ❖ മുന്നോക്കക്കാർക്ക് കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തി കൊടുക്കുന്നു.

**കാലം**

വർഷം മുഴുവൻ

**ചുമതല**

ക്ലാസ് അധ്യാപകർ, എച്ച്.എം., പി.റ്റി.എ.

**സാമ്പത്തികം**

5000 രൂപ, പി.റ്റി.എ., എസ്.ആർ.ജി., എസ്.എസ്.എ.

## പ്രവർത്തനം 27

**ഉപമേഖല** - ഭാഷാശേഷി വികസനം

**ലക്ഷ്യം** - എല്ലാ കുട്ടികൾക്കും മലയാള കവിതകളെയും കവികളെയും കൂടുതൽ അടുത്ത് അറിയുന്നതിനും കവിത ശേഷി കുട്ടികളിൽ വളർത്തുന്നതിനും.

**പ്രവർത്തനങ്ങൾ**

- ❖ ഓരോ ക്ലാസിന്റേയും നിലവാരത്തിനനുസരിച്ച് കവികളുടെ പേരുകൾ കുട്ടികൾക്ക് നൽകുന്നു.
- ❖ ഓരോ കുട്ടിയും അവർക്ക് ലഭിച്ചിരിക്കുന്ന കവിയുടെ ഒരു കവിതയും കവിയുടെ ലഘു ജീവചരിത്രവും ശേഖരിക്കുന്നു.
- ❖ ശേഖരിക്കുന്ന കവിതയും കവികളുടെ ജീവചരിത്രവും ചേർത്ത് സ്കൂളിൽ ഒരു പതിപ്പ് തയ്യാറാക്കുന്നു.

**കാലം**:- വർഷത്തിൽ ഒരു പ്രാവശ്യം

**ചുമതല**:- എൽ.പിയിലെ എല്ലാ അധ്യാപകരും, യു.പി. മലയാളം അധ്യാപകനും, എസ്.ആർ. ജി., പി.റ്റി.എ., എച്ച്.എം.

**സാമ്പത്തികം**

ഓരോ ക്ലാസിനും 200 രൂപ വീതം എസ്.ആർ.ജി., പി.റ്റി.എ.

## പ്രവർത്തനം 28

**ഉപമേഖല**:- ഇംഗ്ലീഷ് അസംബ്ലി/ഇംഗ്ലീഷ് ഭാഷാ പഠനം

**ലക്ഷ്യം** - എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക.

**പ്രവർത്തനങ്ങൾ**

- ❖ ആഴ്ചയിൽ 2 ദിവസം അസംബ്ലി പ്രവർത്തനങ്ങൾ മുഴുവൻ ഇംഗ്ലീഷിൽ
- ❖ അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകുന്നു
- ❖ ഓരോ ക്ലാസിനും മാറിമാറി അവസരങ്ങൾ നൽകുന്നു

**കാലം**

ആഴ്ചയിൽ രണ്ട് ദിവസം

**ചുമതല**:- ക്ലാസ് ടീച്ചർ, ഇംഗ്ലീഷ് അധ്യാപിക, എസ്.ആർ.ജി.

**സാമ്പത്തികം**

ഇല്ല

## പ്രവർത്തനം 29

ഉപമേഖല:- ഇംഗ്ലീഷ് ഡയറി/ഇംഗ്ലീഷ് ഭാഷാപഠനം

ലക്ഷ്യം - തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതുവാൻ ശേഷി നേടുക

പ്രവർത്തനങ്ങൾ

- ഡയറി എഴുതുന്നതിന് ഒരു ബുക്ക് പ്രത്യേകം തയ്യാറാക്കുന്നു
- ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുന്നു.
- ടീച്ചർ ഡയറി പരിശോധിക്കുന്നു. തെറ്റ് തിരുത്തുന്നു

കാലം - ആഴ്ചയിൽ 5 ദിവസം

ചുമതല - ഇംഗ്ലീഷ് അധ്യാപിക

സാമ്പത്തികം - ഇല്ല

## പ്രവർത്തനം 30

ഉപമേഖല - ഇംഗ്ലീഷ് പഠനം/ പദപ്രശ്ന നിർമ്മാണം

ലക്ഷ്യം - കളികളിലൂടെ ഇംഗ്ലീഷ് പഠനം കൂടുതൽ ആയാസകരവും രസകരവും ആക്കുന്നതോടൊപ്പം ഇംഗ്ലീഷിൽ കൂടുതൽ കഴിവ് നേടുക.

പ്രവർത്തനങ്ങൾ

- രസകരമായ പദപ്രശ്നങ്ങൾ ഓരോ ക്ലാസിനും അനുസരിച്ച് കണ്ടെത്തുന്നു
- നിർമ്മിക്കുന്നു
- കുട്ടികൾ ഉത്തരങ്ങൾ കണ്ടെത്തുന്നു
- നിശ്ചിത ദിവസം ഉത്തരം കണ്ടെത്തുന്നതിന് കൊടുക്കുന്നു
- വിജയികളെ കണ്ടെത്തുന്നു
- ഒന്നിലധികം വിജയികളുണ്ടെങ്കിൽ നറുക്കെടുപ്പിലൂടെ വിജയിയെ കണ്ടെത്തുന്നു
- മറ്റുള്ളവർക്ക് ഉത്തരം കണ്ടെത്തുന്നതിന് അവസരം നൽകുന്നു
- വിജയികൾക്ക് ഇവ പൊതുവിൽ അവതരിപ്പിക്കുന്നതിന് അവസരം നൽകുന്നു
- ഇംഗ്ലീഷ് അസംബ്ലി ദിവസങ്ങൾ ഇതിനായി തെരഞ്ഞെടുക്കുന്നു
- വിജയികൾക്ക് സമ്മാനങ്ങൾ വിതരണം നടത്തുന്നു
- മെച്ചപ്പെട്ടത് സ്കൂൾ മാഗസിനിൽ പ്രസിദ്ധീകരിക്കുന്നു

കാലം - മാസത്തിൽ ഒന്ന്

ചുമതല - ഇംഗ്ലീഷ് അധ്യാപകർ, ഇംഗ്ലീഷ് ക്ലബ്

**സാമ്പത്തികം** - 1000 രൂപ

എസ്.ആർ.ജി. പി.റ്റി.എ., സ്പോൺസർഷിപ്പ്

## പ്രവർത്തനം 31

**ഉപമേഖല**- ബുള്ളറ്റിൻ ബോർഡുകൾ

**ലക്ഷ്യം** - വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും വായിക്കാൻ കഴിയുന്ന സ്ഥലങ്ങളിൽ ബോർഡുകൾ സ്ഥാപിക്കുന്നു. പ്രധാനപ്പെട്ട കാര്യങ്ങളും വാർത്തകളും കുട്ടികളിൽ എത്തിക്കുക.

**പ്രവർത്തനങ്ങൾ**

- എല്ലാ കുട്ടികൾക്കും വായിക്കുന്നതിനും കാണുന്നതിനും കഴിയുന്ന തരത്തിൽ ബോർഡുകൾ സ്ഥാപിക്കുന്നു
- ഓരോ ദിവസത്തെയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുന്നതിന് ബോർഡ്
- ജൈവവൈവിധ്യ കാര്യങ്ങൾ മാത്രം പ്രദർശിപ്പിക്കുന്നതിന് മറ്റൊരുബോർഡ്
- ഓരോ ദിവസത്തെയും വാർത്തകൾ കുട്ടികൾ തന്നെ പ്രദർശിപ്പിക്കുന്നു
- അധ്യാപകരുടെ മേൽനോട്ടം

**കാലം** - എല്ലാ പ്രവൃത്തി ദിവസങ്ങളും

**ചുമതല** - എസ്.ആർ.ജി., എച്ച്.എം., സാമൂഹ്യശാസ്ത്രക്ലബ്

**സാമ്പത്തികം**

ബോർഡ് സ്ഥാപിക്കാൻ 5000 രൂപ, എസ്.എസ്.എ., പി.റ്റി.എ.

## പ്രവർത്തനം 32

**ഉപമേഖല**:- സമഗ്രപോർട്ടൽ ശിൽപശാല/അക്കാദമികം

**ലക്ഷ്യം**

സമഗ്രപോർട്ടലിലേയ്ക്ക് പരമാവധി പ്രവർത്തനങ്ങൾ കൂട്ടിച്ചേർക്കൽ

**പ്രവർത്തനങ്ങൾ**

- സ്കൂളിന്റെ പോർട്ടലായ സമഗ്രയിലേക്ക് വിഭവങ്ങൾ കൂട്ടിച്ചേർക്കുക.
- ടീച്ചിംഗ് മാന്വൽ സമഗ്രയിലേക്ക് അപ് ലോഡ് ചെയ്യുക
- ഓരോ വിഷയത്തിന്റേയും ക്ലാസിന്റേയും മികവാർന്ന പ്രവർത്തനങ്ങൾ അപ് ലോഡ് ചെയ്യുക.
- പ്രാദേകിക വിഭവങ്ങൾ പാഠഭാഗത്തിന് യോജിച്ചത് അപ് ലോഡ് ചെയ്യുക

**കാലം** - ആഴ്ചയിൽ ഒരിക്കൽ

ചുമതല - എസ്.ആർ.ജി., ഐ.റ്റി. ചുമതലയുള്ള അധ്യാപകൻ, എച്ച്.എം.

സാമ്പത്തികം - ഇല്ല

## പ്രവർത്തനം 33

ഉപമേഖല - സ്കൂൾ കലണ്ടർ/ അക്കാദമികം

ലക്ഷ്യം

അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ നേടിയെടുക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ എല്ലാം നടപ്പിൽ വരുന്നതിന് പ്രതിമാസ കലണ്ടർ നിർമ്മാണം

പ്രവർത്തനങ്ങൾ

- പ്രതിമാസ കലണ്ടറിന്റെ നിർമ്മാണത്തിന് മുന്നോടിയായി ഒരു വർഷം മുഴുവൻ നടക്കേണ്ട പ്രവർത്തനങ്ങളെ വിലയിരുത്തുന്നു. ഹ്രസ്വകാലം, ദീർഘകാലം എന്നിവ പരിഗണിക്കുന്നു
- 2018-19 ലേക്കുള്ള പ്രതിമാസകലണ്ടർ
- അക്കാദമിക, ഭൗതിക, സാമൂഹ്യ പ്രവർത്തനങ്ങൾ ഉൾപ്പെടണം
- സ്കൂളിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് തടസം നിൽക്കുന്ന രീതിയിൽ ആയിരിക്കരുത് കലണ്ടർ
- ഇതിന്റെ അടിസ്ഥാനത്തിൽ തീയതി അടക്കം നിർമ്മിക്കണം

കാലം - മാസത്തിൽ ഒരിക്കൽ

ചുമതല - എസ്.ആർ.ജി. കൺവീനർ, എച്ച്.എം.എസ്.ആർ.ജി.

സാമ്പത്തികം - 1000 രൂപ

എസ്.ആർ.ജി.

# ഭൗതികം

## പ്രവർത്തനം 1

**ക്ലാസ്സ് മുറികൾ**

നിലവിലുള്ള എൽ ഷെയിപ്പ് കെട്ടിടത്തിന്റെ മുകളിൽ ഒരു നിലകൂടി പണിത് ആവശ്യമുള്ള ക്ലാസ്സ്മുറികൾ നിർമ്മിക്കണം. എല്ലാ ക്ലാസ് മുറികളും ഹൈടെക് ആക്കണം. താഴത്തെ ഹാൾ നവീകരിക്കുന്നതോടെ മുകളിലെ ഹാൾ ഭിത്തി കെട്ടി ക്ലാസ് മുറികൾ തിരിക്കണം.

കാലം - 5 വർഷം

ചുമതല:- എച്ച്.എം. മുനിസിപ്പാലിറ്റി, പൊതുവിദ്യാഭ്യാസ വകുപ്പ്

സാമ്പത്തികം - 50,00,000

മുനിസിപ്പാലിറ്റി, പൊതുവിദ്യാഭ്യാസ വകുപ്പ്, എം.എൽ.എ.ഫണ്ട്, എം.പി.ഫണ്ട്

## പ്രവർത്തനം2

**ഓഫീസ് മുറി**

മുകളിൽ ഒരു നിലകൂടി പണിയുമ്പോൾ ഒരു ക്ലാസ്മുറി, ഓഫീസ് മുറിയായി മാറ്റിയെടുക്കാം. കമ്പ്യൂട്ടർ, മേശ, കസേര, അലമാരകൾ തുടങ്ങി എല്ലാവിധ സൗകര്യങ്ങളോടെയുള്ള നവീകരണ പ്രവർത്തനങ്ങൾ നടത്തണം.

കാലം - 5 വർഷം

ചുമതല - എച്ച്.എം. മുനിസിപ്പാലിറ്റി, പൊതുവിദ്യാഭ്യാസം

സാമ്പത്തികം - 10,00,000

മുനിസിപ്പാലിറ്റി, പൊതുവിദ്യാഭ്യാസ വകുപ്പ്, എം.എൽ.എ.ഫണ്ട്, എം.പി.ഫണ്ട്

## പ്രവർത്തനം 3

**സ്റ്റാഫ് മുറി**

ഒരു മുറി സ്റ്റാഫ് മുറിയായി ആധുനിക രീതിയിൽ തീർക്കണം. ആവശ്യത്തിന് മേശകൾ, കസേരകൾ, അലമാരകൾ എന്നിവ ഒരുക്കണം വിവിധ വിഷയങ്ങളുടെ ചിത്രങ്ങൾ മോഡലുകൾ എന്നിവ കൊണ്ട് ചുവരുകൾ ഭംഗിയാക്കണം, ആകർഷകമാക്കണം.

കാലം - 5 വർഷം

ചുമതല - എച്ച്.എം. മുനിസിപ്പാലിറ്റി, പൊതുവിദ്യാഭ്യാസവകുപ്പ്

സാമ്പത്തികം - 8,00,000

മുനിസിപ്പാലിറ്റി, പൊതുവിദ്യാഭ്യാസ വകുപ്പ്, എം.എൽ.എ.ഫണ്ട്, എം.പി.ഫണ്ട്

## പ്രവർത്തനം 4

**ലാബോറട്ടറി**

താഴത്തെ ഹാളിന്റെ മുകളിൽ ഒരു നില കൂടി പണിതാൽ മാതൃക ശാസ്ത്ര, ഗണിത ശാസ്ത്ര, സാമൂഹ്യശാസ്ത്ര ലാബോറട്ടറികൾ ആധുനിക രീതിയിൽ നിർമ്മിക്കാം. എല്ലാ കുട്ടികൾക്കും പരീക്ഷണങ്ങളിൽ ഏർപ്പെടുന്ന തരത്തിൽ സൗകര്യങ്ങൾ ഉണ്ടാക്കണം. പരീക്ഷണത്തിനും കണ്ടുപിടുത്തത്തിനുമുള്ള വസ്തുക്കൾ സൂക്ഷിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കണം. ജില്ലയുടെ പരിശീലനകേന്ദ്രമായ ഡയറ്റിൽ എത്തുന്ന അധ്യാപകർക്കും ഇതിന്റെ പ്രയോജനം ലഭിക്കും. ഇത്തരത്തിൽ ഇതിനെ വിഭാവനം ചെയ്യണം.

കാലം - 1 വർഷം

ചുമതല - സയൻസ്ക്ലബ്, എച്ച്.എം., എസ്.ആർ.ജി., പി.റ്റി.എ. മുനിസിപ്പാലിറ്റി, എസ്.എസ്.എ.

സാമ്പത്തികം - 1 1/2 ലക്ഷം

പി.റ്റി.എ., മുനിസിപ്പാലിറ്റി, എസ്.എസ്.എ.

## പ്രവർത്തനം 5

**ലൈബ്രറി**

വളരെ പരിമിതമായ സ്ഥലത്താണ് ലൈബ്രറി പ്രവർത്തിക്കുന്നത്. താഴത്തെ ഹാളിന്റെ മുകളിൽ ഒരു നിലകൂടി നിർമ്മിക്കുമ്പോൾ അതിവിശാലമായ ലൈബ്രറി ഹാൾ ഇവിടെ ഒരുക്കുന്നതിന് സാധിക്കും. ഇതിലേയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ, അലമാരകൾ, റാക്കുകൾ എന്നിവ ക്രമീകരിക്കണം. ഇതോടൊപ്പം ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ഡിജിറ്റൽ ലൈബ്രറിയും ഒരുക്കാം.

കാലം - 1 വർഷം

ചുമതല - എസ്.ആർ.ജി., ലൈബ്രറി ചാർജ്ജുള്ള അധ്യാപകൻ, പി.റ്റി.എ., മുനിസിപ്പാലിറ്റി

സാമ്പത്തികം- 7,50,000

മുനിസിപ്പാലിറ്റി, പി.റ്റി.എ., സന്നദ്ധസംഘടനകൾ, പൂർവ്വ വിദ്യാർത്ഥികൾ, പൂർവ്വ അധ്യാപകർ, എസ്.ആർ.ജി.

# സാമൂഹികം

## പ്രവർത്തനം 1

**ഉപമേഖല:- ക്ലാസ് പി.റ്റി.എ**

**ലക്ഷ്യം**

രക്ഷിതാക്കളുടെ പങ്കാളിത്വം ഉറപ്പാക്കിക്കൊണ്ട് പഠന നേട്ടങ്ങൾ ഉറപ്പ് വരുത്തുക.

**പ്രവർത്തനങ്ങൾ**

- ക്ലാസ് പി.റ്റി.എ. യുടെ മുന്നൊരുക്കം നടത്തുന്നു.
- കുട്ടികളുടെ പ്രവർത്തനങ്ങളുടെ അവതരണം
- ഉൽപന്നങ്ങളുടെ പ്രദർശനം
- ക്ലാസ് പ്രസിദ്ധീകരണങ്ങളുടെ പ്രകാശനം
- ഓരോ കുട്ടിയെ കുറിച്ചും രക്ഷിതാക്കളുമായി കൂടിക്കാഴ്ച (അവന്റെ നല്ല ഗുണങ്ങൾ കഴിവ് എന്നിവ പ്രധാന ചർച്ച വിഷയം)
- വീട്ടിലെയും സ്കൂളിലെയും സ്വഭാവ സവിശേഷതകൾ
- പ്രശ്നങ്ങൾക്ക് പരിഹാര നിർദ്ദേശങ്ങൾ
- ആഴ്ചയിൽ ഒരിക്കലെങ്കിലും രക്ഷിതാവും അധ്യാപകരും തമ്മിലുള്ള ആശയ വിനിമയം

കാലം - മാസത്തിൽ ഒന്ന്

ചുമതല - ക്ലാസ് അദ്ധ്യാപകർ, എച്ച്.എം., എസ്.ആർ.ജി.

സാമ്പത്തികം - 5000

എസ്.ആർ.ജി.

## പ്രവർത്തനം 2

**ഉപമേഖല:- പി.റ്റി.എ., പ്രാദേശിക പി.റ്റി.എ. കോർണർ പി.റ്റി.എ.**

**ലക്ഷ്യം**

- സ്കൂൾ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്വം ഉറപ്പുവരുത്തുന്നതിന്
- സ്കൂളിന്റെ പ്രവർത്തനങ്ങൾ രക്ഷിതാക്കൾ അറിയുന്നതിന്
- എല്ലാ രക്ഷിതാക്കളേയും വിദ്യാലയവുമായി അടുപ്പിക്കുന്നതിന്

**പ്രവർത്തനങ്ങൾ**

- ❖ പി.റ്റി.എ. യോഗത്തിൽ എല്ലാ രക്ഷിതാക്കളുടേയും സാന്നിധ്യം ഉറപ്പുവരുത്തുന്നതിന് വേണ്ട മുന്നൊരുക്കങ്ങൾ നടത്തുന്നു.
- ❖ രക്ഷിതാക്കൾക്ക് ഉചിതമായ തീയതിയും സമയവും കണ്ടെത്തുന്നു.
- ❖ പ്രത്യേക ദിവസങ്ങൾ, ദിനങ്ങൾ എന്നിവ തെരഞ്ഞെടുത്ത് പി.റ്റി.എ. വിളിക്കുന്നതിന് ശ്രമം നടത്തുന്നു.
- ❖ രക്ഷിതാക്കളിലേയ്ക്ക് ഇറങ്ങി ചെല്ലുന്നതിന് പ്രാദേശിക പി.റ്റി.എ. കോർണർ പി.റ്റി.എ., എന്നിവ സംഘടിപ്പിക്കുന്നു.
- ❖ ഇത്തരം യോഗങ്ങളിൽ ഏതെങ്കിലും വിഷയത്തെക്കുറിച്ച് വിദഗ്ധരുടെ ക്ലാസ്.

കാലം - പി.റ്റി.എ. വർഷത്തിൽ മൂന്ന്, കോർണർ, പ്രാദേശിക പി.റ്റി.എ., വർഷത്തിൽ 2 പ്രാവശ്യം

ചുമതല - എസ്.ആർ.ജി., എച്ച്.എം., പി.റ്റി.എ.

സാമ്പത്തികം - 10,000

പി.റ്റി.എ., എസ്.ആർ.ജി., സ്പോൺസർഷിപ്പ്

## പ്രവർത്തനം 3

**ഉപമേഖല:- പൂർവ്വ വിദ്യാർത്ഥി/പൂർവ്വ അധ്യാപക കൂട്ടായ്മ**

**ലക്ഷ്യം**

- ❖ പൊതു വിദ്യാഭ്യാസ യജ്ഞത്തെ മുൻനിറുത്തി സ്കൂളിന്റെ സർവ്വോന്മുഖമായ വികസന പദ്ധതികൾ ആസൂത്രണം നടത്തുക.
- ❖ പൊതുജന പങ്കാളിത്തം വർദ്ധിപ്പിക്കുക.
- ❖ തന്റെ വിദ്യാലയത്തിന് മാതൃക പരമായ സംഭാവനകൾ നൽകുക.
- ❖ അക്കാദമിക നിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങളിൽ പങ്കാളികളാകുക.

**പ്രവർത്തനങ്ങൾ**

- ❖ മൂന്ന് മാസത്തിൽ ഒരിക്കൽ ഇത്തരം സമ്മേളനങ്ങൾ, കുടിച്ചേരലുകൾ നടത്തുക.
- ❖ സ്കൂളിന്റെ വികസനത്തിൽ വേണ്ട പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. പരിഹാര നിർദ്ദേശങ്ങൾ.
- ❖ സ്കൂളിന്റെ മേന്മയ്ക്ക് വേണ്ടിയുള്ള പദ്ധതികൾ ഏറ്റെടുക്കുന്നു.
- ❖ കൂട്ടായ്മയുടെ സഹായത്തോടെ സ്കൂളിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നു.
- ❖ അക്കാദമിക പ്രവർത്തനങ്ങളിൽ സ്കൂളിൽ നേരിട്ട് സഹായങ്ങൾ നൽകുക.

- പഠനത്തെ പരിസരബന്ധിയും ജീവിതഗന്ധിയും ആക്കി സ്കൂൾ ക്യാമ്പസിനെ ഒരു പാഠപുസ്തകം ആക്കി മാറ്റുന്നു
- പാരിസ്ഥിതിക അവബോധം, സാമൂഹിക അവബോധം, മാലിന്യനിർമാർജന അവബോധം, ശാസ്ത്രാവബോധം ,വിമർശനാവബോധം എന്നിവ ഉളവാക്കാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുന്നു
- പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു
- സമയബന്ധിതമായി ഉദ്യോഗസ്ഥത തല നിരീക്ഷണ സംവിധാനം ഉറപ്പാക്കുന്നു

**അനുബന്ധം 1**

**കുട്ടികളുടെ എണ്ണം മുൻ വർഷങ്ങളിൽ**

| വർഷം | 1 | 2 | 3 | 4 | 5 | 6 | 7 | ആകെ |
|---|---|---|---|---|---|---|---|---|
| 2022-23 | 11 | 8 | 8 | 8 | 11 | 11 | 10 | 67 |
| 2023-24 | 9 | 8 | 6 | 6 | 7 | 6 | 8 | 50 |
| 2024-25 | 7 | 9 | 7 | 5 | 6 | 7 | 7 | 48 |

**അനുബന്ധം 2**

| | |
|---|---|
| പ്രിൻസിപ്പൽ | ശ്രീ . ഗോപകുമാർ ജി പി |
| ടീച്ചർ ഇൻ ചാർജ് | ശ്രീമതി റെന്നി വി.ജെ |
| ഒന്നാം ക്ലാസ് ടീച്ചർ. | ശ്രീമതി കുഞ്ഞുമോൾ ലൂയിസ് |
| രണ്ടാം ക്ലാസ് ടീച്ചർ. | ശ്രീമതി റെന്നി വി.ജെ |
| മൂന്നാം ക്ലാസ് ടീച്ചർ. | ശ്രീമതി റെജീന കെ.ജോസ് |
| നാലാം ക്ലാസ് ടീച്ചർ | ശ്രീമതി ഷീബ സി എസ് |
| അഞ്ചാം ക്ലാസ് ടീച്ചർ | ശ്രീ ജയിംസ് സെബാസ്റ്റ്യൻ |
| ആറാം ക്ലാസ് ടീച്ചർ. | ശ്രീമതി സൽമാബി കെ എം |
| ഏഴാം ക്ലാസ് ടീച്ചർ | ശ്രീമതി ബിജിമോൾ എ കെ |
| ഹിന്ദി അധ്യാപിക | ശ്രീമതി ഡോ:ചന്ദ്രലേഖ പി |

Edit with WPS Office

വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ ശ്രീമതി ശബ്നം എസ്

supporting team

ശ്രീമതി കൃഷ്ണകുമാരി കെ വി - തൊഴിൽ ഉദ്ഗ്രഥിതം

ശ്രീമതി ജിജി കെ വി -സ്പെഷ്യൽ എഡ്യൂക്കേറ്റർ

ശ്രീ ബോബി സ്മിത്ത് എം ബ്രൂസ് -കായിക അധ്യാപകൻ

ശ്രീമതി ഉഷ രാജീവ് - സി ആർ സി കോഡിനേറ്റർ

ശ്രീമതി ഷൈല. പി ടി സി എം

ലീലാമ്മ ചാക്കോച്ചൻ പാചക തൊഴിലാളി

ഡയറ്റ് ഓഫീസിന്റെ പൂർണ്ണപിന്തുണ

**അനുബന്ധം മൂന്ന്**

**മികവുകൾ നേട്ടങ്ങൾ**

മുൻവർഷങ്ങളിൽ

- സബ് ജില്ലയിലെ മികച്ച പിടിഎ അവാർഡ്
- പ്രാദേശിക പിടിഎ യോഗങ്ങൾ
- ഒന്നാന്തരം ഒന്നാം ക്ലാസ് പദ്ധതിയുടെ ഒന്നാം ക്ലാസ് സ്മാർട്ട് ക്ലാസ്സ് ആക്കി ( തൊടുപുഴ മർച്ചന്റ് യൂത്ത് വിംഗ് 1.75 ലക്ഷം രൂപ മുതൽമുടക്ക്)
- മുൻസിപ്പൽ ഫണ്ട് ഉപയോഗിച്ച് നാല് ഗ്ലാസ് മറികളും വരാന്തയും ടൈൽ വിരിച്ചു മുറ്റം ടൈൽ വിരിച്ചു
- കിഡ്സ് പാർക്ക് രൂപീകരണം തൊടുപുഴ ലയൺസ് ക്ലബ്
- പൂന്തോട്ട നിർമ്മാണത്തിന് ജോസ്കോ ജുവൽസ് 25000 രൂപ നൽകി
- ജൈവവൈവിധ്യ അന്തരീക്ഷം ഒരുക്കുന്നതിന് എസ് എസ് എ ഫണ്ട് വിനിയോഗിച്ചു
- ശലഭ പാർക്ക് നിർമ്മാണം
- ജില്ലാതല സീഡ് അവാർഡ്, തൊടുപുഴ വിദ്യാഭ്യാസ ജില്ല അവാർഡ്
- ചുറ്റുമതിൽ ,ഗേറ്റ് എന്നിവ പണി പൂർത്തീകരിച്ചു
- പ്രിൻറർ വാങ്ങുന്നതിലേക്കായി റോട്ടറി ക്ലബ്ബ് 12000 രൂപ സഹായിച്ചു
- വിവിധതരം വൃക്ഷത്തൈകൾ വിതരണം സംരക്ഷണം സോഷ്യൽ ഫോറസ്റ്ററി

Edit with WPS Office

- കുട്ടികളുടെ ആരോഗ്യപരിപാലനത്തിന് ഹെൽത്ത് നഴ്സ്
- മലയാളം ഇംഗ്ലീഷ് ഹിന്ദി അസംബ്ലി
- ക്ലാസ് പിടിഎകൾ
- പച്ചക്കറിത്തോട്ടം
- മികവാർന്ന അക്കാദമിക അന്തരീക്ഷം
- മേളകളിൽ മികവ്
- മതിലുകളിൽ ജൈവവൈവിധ്യ സന്ദേശം
- ഡയറ്റിലെ ആദിവാസി മ്യൂസിയം ആക്ടിവിറ്റി സെൻറർ കൊലുമ്പൻ ശില്പം
- ഫീൽഡ് ട്രിപ്പുകൾ പഠന യാത്രകൾ
- പൂർവ്വ അധ്യാപക വിദ്യാർത്ഥി സംഗമം
- ഗുണമേന്മ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ

## അനുബന്ധം 4

## സ്കൂളിൽ നടപ്പാക്കുന്ന നൂതന പ്രവർത്തനങ്ങൾ

ലിറ്റിൽ ലിങ്ക്വിസ്റ്റ് - കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പരിശീലന പരിപാടി

സൂംബ പരിശീലനം .. ആരോഗ്യപരിപാലനം

സ്കൂൾ ഇരുന്നൂറാം വാർഷിക സ്വാഗതസംഘം രൂപീകരണവും മുന്നൊരുക്കങ്ങളും


## അനുബന്ധം 5

**വിദ്യാലയത്തിന്റെ സ്കെച്ച് സൈറ്റ് പ്ലാൻ**

**ജൈവവൈവിധ്യ പാർക്കിന്റെ സൈറ്റ് പ്ലാൻ**

Edit with WPS Office

# BIODIVERSITY PARK PLAN - DEET LAB UP SCHOOL, THODUPUZHA




(Not to Scale)



# അക്കാദമിക മികവിനായുള്ള
# മാസ്റ്റർ പ്ലാൻ
# 2025-26